ഈ ശ്ലോകം ചൊല്ലി കരയ്ക്കു വന്നപ്പോൾ കുറെ പട്ടാളക്കാർ ആയുധപാണികളായി വരുന്നതുകണ്ടു; അപ്പോൾ ശത്രുക്കൾ ഭയപ്പെട്ടു് ഓടി; ഇങ്ങിനേ ഭട്ടതിരി രക്ഷപ്രാപിക്കുകയുംചെയ്തു. ഈ പട്ടാളക്കാർ കൊച്ചി രാജാവുമായുണ്ടായിരുന്ന അതിർവാദം തീൎക്കാൻവേണ്ടി പോയി മടങ്ങിവരുന്നവരായിരുന്നുവത്രെ. ഈശ്വരചൈതന്യംകൊണ്ടു് അങ്ങിനെ പട്ടാളക്കാരുണ്ടായിരുന്നു എന്നു തോന്നിയതല്ലാതെ പട്ടാളക്കാർ വാസ്തവത്തിൽ ഉണ്ടായിരുന്നില്ല. ഈ സംഗതി പിന്നീട് സാമൂതിരിപ്പാടുമായി സംസാരിച്ചപ്പോഴാണ് ഭട്ടതിരിക്ക് മനസ്സിലായതു്.

# INCORRECT POPULAR BELIEFS.

(BY D. NEELAKANTAN NAMBUDRIPAD.)

[A big little article. Mr Nambudripad thinks for himself, a rare thing these days.]

We are often surprised and pained at the large number of incorrect beliefs avowed by people both in public and in private. Many of them are tolerated if they happen to be sufficiently striking but when really incorrect beliefs are asserted with sincerity we find we cannot pardon them.

Most of these false beliefs are due to a growing tendency to take other peoples' views and opinions without questioning their correctness or a validity. They may have been expressed by a public speaker or popular writer who has perhaps exaggerated them much in order to stress a particular point. The exaggeration may be excusable in the particular case. But these very opinions and views become obnoxious when asserted with all sincerity and seriousness in another place and in reference to quite a different matter.

But the unwary in most cases do not stop to consider the validity of such assertions. In some cases the origin of the particular view might be an unquestionable authority; these views are then reaffirmed with fervour; and in many cases they become Gospel-truth once they are found in print.

Whether this process of accepting others' views without examining them be due sometimes to a kind of modesty which forbids it—on the assumption of other people to be better informed than ourselves,—or to a pure and complete absence of thought or interest is not so much to the purpose as that these views when once asserted add and multiply in power until somebody (more wary and less susceptible) challenges them and they are shattered.

Another source of such beliefs is the absence of a correct sense of proportion and the viewing of facts in a distorted perspective. Thus a fact which might be true in itself might need qualification in the light of other facts or in comparison with them its truth might not be so urgent. As an example of this, the feeling we get from a doctor's discourse on the Evils of the Tea-habit may be given. The opinion is repeated so often and with such added stress that we feel that the tea habit is the worst of all evils; and that every thing would be perfected in us if only we

did not take tea ; while temporarily at least we are led to forget the so many other and more potent evils that enervate and degenerate us. All the strange fads we see around us, food fads, faith fads, society fads, originate thus.

Yet another source is due to some who glorify all past methods and institutions with exaggerations and incorrect facts. In this they take advantage of present troubles to decry every thing new and modern without considering the relative quatities and intrinsic necessities of particular periods. Such people forget that life goes ever forward, and that a revival of conditions once rejected as unsuitable seldom happens in human history. The insane loyalty to old things as such prevents growth and retards the improvent of the present. Such people remind us often that we had a glorious past without telling us at the same time that it was an age with conditions quite different from those of the present, Their schemes of improvement are always singular and weak, for they think of progress as a resolute movement backward through the ages. Humanity was great only at one period and will never again be great unless that period is copied again in all things. All human achievement since that idealised period is silly or mischievous, science, civilization, society—every human concern in fact. Listen to any speech made in India now, read any article in one of our newspapers and you meet this tendency to sneer. The attitude is popular, but most unhealthful.

But fortunately God has willed it all otherwise.

# സുകുമാരൻ.

(കെ. ദാമോദരമേനോൻ, ജൂനിയർവിദ്യാർത്ഥി)

1. ഉച്ചത്തിൽനില്ക്കും മതിലിന്നകത്തായ്,
പച്ചച്ചെടിയ്ക്കുള്ളിലുയർന്നുനിന്നും;
ആശ്ചര്യ്യമാക്കും വളരെക്കൊടുത്തും
മെച്ചംവിളങ്ങീടിന വീടിതേതോ!

2. ഇത്രയ്ക്കുഗംഭീരതയാർന്നവീട്ടിൽ,
കുത്രാപികാണ്മീലൊരു മർത്ത്യനേയും;
ചിത്രം! നിവാസോചിതമാണുഹർമ്മ്യം,
പാർത്താലിതാശ്ചര്യ്യമയുക്തികംതാൻ.

3. ഇദ്ദിവ്യമായുള്ളൊരുവീടുപാഴാ-
യാധിയ്ക്കിടംനൽകിയിരിപ്പതെന്തോ !
ഇദ്ദിക്കുകാർക്കാർക്കുമിതിങ്കൽവാഴാൻ
സാധിക്കയില്ലെന്നു വരുന്നതാണോ !

4. ആദിത്യദേവൻ കടലിന്നകത്തായ്
ഹാ ദിക്കിരുട്ടാക്കി മറഞ്ഞുപോയി;
വൻദീപ്തിയാൽ താരസമൂഹമെത്തി-
ട്ടിദ്ദ്യോവിനെശ്ശോഭനമാക്കിടുന്നു.

5. രോമക്കുറെപ്പററശിരസ്സ്,നല്ല
മേൽമീശയും, ക്രൂരതയാർന്നനോക്കും
ആമോദഭാവം കലരുന്നകള്ള-
സ്സാമർത്ഥ്യമെന്നീവകയൊത്തകൂട്ടർ

6. മുഹമ്മദാം മുത്തുനെബിപ്രണീതം
മഹാഗുണംചേർന്നമതത്തിലുള്ളോർ
ഇഹാതിവേഗത്തൊടുവന്നുനിന്നി-
ട്ടഹോ സമന്താൽ പരിചോടുനോക്കി.

7. അതിൻെറശേഷം ഭവനത്തിലേയ്ക്കാ-
യതാനടക്കുന്നവർതന്നിലേകൻ;
ചതിയ്ക്കൊരുമ്പെട്ടിഹവന്നതാണീ
യ്യതിക്രമിപ്പുള്ളികളില്ലവാദം.

8. മറേറാവനാമോട്ടറുതന്നടക്ക-
ലേററം രസത്തോടഥ കാത്തുനിൽപ്പൂ;
തെറെറന്നിയേ, സംഭ്രമമോടിടയ്ക്കു,
ചുററും നടന്നൊന്നുവരും സമത്ഥൻ.

9. ഇതൊക്കവേ പാത്തുമരംമറഞ്ഞി-
ട്ടതാരുനില്ക്കുന്ന യുവാവൊരുത്തൻ?
അതിക്രമം ജോനകർ ചെയ്യുമെന്നോ-
ർത്തിതീവിധം ചെയ്യതിവൻ മിടുക്കൻ.

10. പ്രായം സുമാർ പത്തിനൊടെട്ടുമാകാം,
കായംവെളുത്തൊട്ടു തടിച്ചതത്രേ
വ്യായാമദാർഢ്യത്തെയുദാഹരിക്ക-
മീയാൾക്കെഴും മേനിമിടുക്കുകൊള്ളാം!

11. ക്ഷണം മരത്തിൻമറവിങ്കൽനിന്ന-
ങ്ങണഞ്ഞുമോട്ടോർശകടത്തിലേയ്ക്കു
നിനയ്ക്കിലച്ചോരനറിഞ്ഞിടാത-
ങ്ങനക്കമെന്യേ ശകടത്തിലേറി.

12. കക്കുന്നതിന്നാണവർ വന്നതെന്നു,
തക്കത്തിലദ്ധീരനറിഞ്ഞുപിന്നെ
നല്ക്കാലമെന്നോർത്തൊരിരിപ്പിടത്തിൽ,
പുക്കാനഹോ സംശയമൊട്ടുമെന്യേ.

13. അപ്പോളതാ വേറൊരു മോട്ടർവണ്ടി,
കെല്പോടുവന്നാശ്ശു പടിയ്ക്കൽനിന്നു;
മുപ്പേരിതിൽനിന്നു നിലത്തിറങ്ങി-
ത്തപ്പാതെപോയാർ ഭവനത്തിലേക്കായ്.

14. ഈ വീട്ടിനുള്ളോരുടമസ്ഥനാകും
'രവീന്ദ്ര'നാണോർക്കുകിൽമുന്നിലുള്ളോൻ
ആവന്ദ്യ,യോർത്താൽ, ഗൃഹനാഥയാകാം,
ഭാവപ്രകാരാൽ പറയാമിതാർക്കും.

15. അവർക്കുപിന്നാലെ നടക്കുമോമൽ
സ്സുവർണ്ണപൂർണ്ണച്ഛവിയാർന്നിടുന്നോൾ,
അവർക്കെഴുന്നാത്മജയാണു, താനാ–
ണവർക്കുഭാഗ്യച്ചെടിതൻകുരുന്നും.

16. സുശീലയായുള്ളോരവൾക്കുപേരും,
'സുശീല'യാണെന്നതറിഞ്ഞിടേണം
വിശാലമാം കണ്ണുകൾരണ്ടിലും ഹാ!
വിശേഷമായുണ്ടൊരു കാന്തിപൂരം.

17. അശേഷനാഥൻ തുണചെയ്യുമെന്നാ–
ങ്ങശങ്കിതം ഗാഢമുറച്ചുവാഴ്വോർ,
വിശേഷമായന്നൊരു നാടകം കാ–
ണ്മതിന്നുവേണ്ടീട്ടവർ പോയിരുന്നു.

18. ഒരുത്തനും വീടതിലില്ലയെന്നാ–
ങ്ങറിഞ്ഞുകക്കാൻ തരമെന്നുറച്ചു
പെരുത്തമോഹത്തൊടു വന്നുകഷ്ടം!
ദുരാഗ്രഹപ്രേരിതരായ മൂഢർ.

19. രവീന്ദ്രനും പത്നി സുശീലമാരും
പവിത്രഭാവത്തൊടു വന്നിടുമ്പോൾ,
രവീന്ദ്രവൈരിയ്ക്കുത പേടിയായി–
ട്ടവൻ ക്ഷണം മോട്ടറിലേയ്ക്കുപോയി.

20. അവൻ വരുന്നൊന്നതറിഞ്ഞുഭാവം
ജവം പകർന്നുള്ള യുവാവുതാനും
സവേഗമങ്ങുള്ളൊരിരിപ്പിടത്തിൻ
ചുവട്ടിലായിട്ടു മറഞ്ഞിരിപ്പായ്.

21. അപ്പോളതാ കേട്ടുതുടങ്ങിഘോഷ-
മപ്പത്തനത്തിന്റെയകത്തുനിന്ന്.
അപ്പാപി കക്കുന്നതു കണ്ടിരിയ്ക്കാം,
തപ്പാതെയാമൂവരു,മെത്രഭാഗ്യം!

22. കള്ളൻ ഗൃഹത്തിൽക്കവരുന്നിതെന്നാ-
യുള്ളോരുബോധം മനതാരിലാന്റു,
ഉള്ളിൽബ്ഭയം, കോപമിതൊക്കെവന്നു
തുള്ളിത്തുടങ്ങീ ഹൃദയങ്ങളെല്ലാം.

23. ഉറക്കവേ കിങ്കരരേ വിളിച്ചെ-
ന്നിരിയ്ക്കിലും ഭൃത്യരണഞ്ഞതില്ലാ,
മരിച്ചപോലായവർ ഗാഢമായി-
ട്ടുറങ്ങിടുന്നെന്നതുതന്നെഹേതു.

24. ക്ഷണം പടുതാപം കലരുന്നചോരൻ,
തനിയ്ക്കുപററുന്ന വിപത്തറിഞ്ഞു,
പണം ലഭിച്ചുള്ളതുമേന്തി, വേഗാ-
ലണഞ്ഞുതാനും ശകടത്തിലേയ്ക്കു.

25. പൊട്ടുന്നനെത്താൻ ശകടത്തിലേറീ,
തുടങ്ങിനാർ യാത്രയെ വേഗമോടെ
കടുത്തകോപത്തോടൊളിച്ചിരിയ്ക്കും
മിടുക്കനെക്കണ്ടതുമില്ലൊരാളും.

26. കാററിന്റെവേഗത്തൊടു പോയിമോട്ട-
റേററം രസത്തോടൊരു രണ്ടുകാതം
ചെററും മടിയ്ക്കാതൊരു ബങ്കളാവിൻ
മുററത്തുചെന്നാങ്ങിനെ നിന്നുപിന്നെ.

27. ഒരുത്തനാമോട്ടറുതന്നിൽനിന്നാ-
ങ്ങിറങ്ങിടുന്നേരമതീവവേഗാൽ
ഉറപ്പെഴും കൂട്ടി പുറത്തുചാടി-
ക്കരുത്തെഴും മാപ്പിളയെപ്പിടിച്ചു.

28. പടുതാപമോടങ്ങിനെ കള്ളനെത്താൻ
പിടിച്ചുബന്ധിച്ചിട്ടുമത്തരത്തിൽ,
ഉടൻ പുറത്തേയ്ക്കുഥചാടിമറേറ-
ത്തടിച്ചുക്രൂററൻ പടുകള്ളനായോൻ.

29. കടുത്തകോപാൽ നയനങ്ങൾ രണ്ടും
തുടുത്തു, പല്ലൊട്ടു വെളിയ്ക്കുകാട്ടീ,
തടിച്ചുതൻ ചുണ്ടു വിറച്ചുകൊണ്ടും
കടന്നുരച്ചാനവനിപ്രകാരം:—

30. “ഹറാം പിറന്നുള്ള നിനക്കുചാക്കി-
ന്നുറച്ചുകള്ളാ! മതി വീര്യമെല്ലാം,
നിറഞ്ഞമോഹത്തൊടു നീ മരിക്കാ-
ന്നുറച്ചുവന്നൊന്നതു നീയറിഞ്ഞോ?”

31. ഇത്ഥം പറഞ്ഞിട്ടവനും കയർത്തു,
ക്രുദ്ധിച്ചുതൻ പല്ലുകടിച്ചു പിന്നെ;
വിത്താർത്തിയാൽ കത്തിയതൊന്നെടുത്തു
കുത്താനുറച്ചിട്ടവനങ്ങടുത്തു.

32. ആപത്തുപാറുന്നതറിഞ്ഞുവേഗ-
മാബുദ്ധിമാൻ ധീരതയോടുകൂടി,
താപം വെടിഞ്ഞൊന്നു കുതിച്ചുചാടി-
ക്കാപട്യകൃത്തിന്റെ കരംപിടിച്ചു.

33. ഉടൻ ബലാദുഷ്ടകരത്തിൽനിന്നു,
മിടുക്കനെക്കത്തിയെ വാങ്ങി, പിന്നെ,
കടുത്തകോപത്തൊടടിയ്ക്കുവാനാ-
യടുക്കവേ കൈ കയറാൽവരിഞ്ഞു.

34. “ഇയ്യാരെടാ പന്നി! ഹറാം പിറന്നോ-
നിയ്യാരെടാ മൗത്തിനു തേടിവന്നോൻ?
ഞമ്മന്റെ കയ്യൊന്നു കയിച്ചുകിട്ട്യാ-
ലിമ്മട്ടുചെയ്യാൻ കയിയോ, മലക്കേ?”

35. ഇത്ഥം പറഞ്ഞാക്കട്ടകോപിയാകും
ക്രുദ്ധൻ യുവാവിന്നരികത്തട്ടുത്തു
അത്യന്തവേഗത്തൊട്ട ധീരനപ്പോ-
ളത്തസ്കരാഗ്യ്രൻെറ മുഖത്തടിച്ചു.

36. ഉല്ലാസമായ്ത്തന്നെ യുവാവുവേഗം
കില്ലെന്നിയേ തസ്കരനെവരിഞ്ഞു
തെല്ലും മടിയ്ക്കാതവർ കൊണ്ടുവന്ന
നല്ലോരുസംപത്തു കരസ്ഥമാക്കി.

37. ആ മോട്ടറിൽത്തന്നെ കരേറിവേഗ-
മാമോദമോടങ്ങവനും തിരിച്ചു;
ഹാ! മൂഢർരണ്ടാളുകളും മുഹൂർത്ത-
മാമോഹനാംഗൻെറ വഴിയ്ക്കുനോക്കി.

38. നേരം പ്രഭാതത്തൊടടുത്തിടുമ്പോൾ,
ധീരൻ രവീന്ദ്രൻെറ ഗൃഹത്തിലെത്തി
ചാരുത്വമേററം കലരുന്നപാദ-
മാരമ്യഹർമ്മ്യത്തിന്റെ മാനമേററി.

39. തനിയ്ക്കുവന്നുള്ളൊരു ഭാഗ്യദോഷം
നിനച്ചുകൊണ്ടങ്ങിനെ ദുഃഖമോടെ
മനസ്സഴന്നത്ര വസിച്ചിടുന്നാ
വിനീതവേഷത്തെ വണങ്ങിവീരൻ

40. ദുഃഖാണ്ണവത്തിങ്കൽ നിമഗ്നനാകും
ചൊൽക്കൊണ്ട കോടീശ്വരനാം രവീന്ദ്രൻ;
സൗഖ്യാംബുധിയ്ക്കുള്ളിൽ മറഞ്ഞിടുമ്മാ-
റക്കോമളാംഗൻ കഥയോതിയിത്ഥം:—

41. "എൻപേരുപാർത്താൽ 'സുകുമാര'നെന്നാ-
ണെൻപാർപ്പിതേനാട്ടിലതാണുതാനും
അമ്പോടുഞാൻ ചൊല്ലുവനിന്നുതാങ്കൾ-
ക്കിമ്പംവരുത്തുന്നൊരു വർത്തമാനം.

42. "ഭവാനുവന്നുള്ളവിപത്തശേഷം
സവീര്യ്യമീഞാനിഹപോക്കിയല്ലോ;
ശ്രവിയ്ക്കുഹേ! ചോരർനിമിത്തമായി-
ബ്ഭവിച്ച ദുഃഖത്തെവെടിഞ്ഞുകൊൾക."
43. ഇപ്രകാരമവനങ്ങുപറഞ്ഞി-
ട്ടുൾപ്രിയത്തോടുപണക്കിഴിയേകി;
സുപ്രസന്നമുഖനായ രവീന്ദ്രൻ
ഇപ്രകാരമുടനങ്ങുപറഞ്ഞാൻ.
44. "ഒട്ടുമടിയ്ക്കാതിഹലോകദാസ്യം
കിട്ടാൻ കൊതിയ്ക്കുന്ന മിടുക്കർകേൾക്കൂ;
മട്ടൊത്തനിൻദേഹമെനിക്കുവേണ്ടി
നഷ്ടം വരുത്താൻ തവ ധൈര്യ്യമുണ്ടായ്.
45. "ഇത്രയ്ക്കുസൗശീല്യമെഴുന്നനിന്നെ-
പ്പുത്രന്നുതുല്യം കരുതുന്ന ഞാനും
ഓർത്തീടുനീയെന്റെയപേക്ഷയെല്ലാ-
മത്ത്യാദരാൽ ചെയ്തിടണം ക്ഷണത്തിൽ.
46. "എടുക്കുകെൻ സമ്പത്തുകളൊക്കവേ നീ,
മടിച്ചിടേണ്ടൊട്ടുമിതിന്നു,പിന്നെ;
എടുക്കുകെൻപുത്രിയെഭാര്യ്യയായും
മിടുക്ക നീ സംശയമൊട്ടുമെന്യേ."
47. നിറഞ്ഞസന്തോഷഭരത്തൊടീമ-
ട്ടുരച്ചതാംവാക്കുകൾകേട്ടനേരം
പറഞ്ഞുധീരൻ, "വിഭുതന്റെവാഞ്ഛ-
യറിഞ്ഞിടാനാർക്കുമസാദ്ധ്യമത്രേ."
48. തുടർന്നുരച്ചാനുടനേരവീന്ദ്രൻ,
സ്ഫുടംമഹാതോഷമൊടൊത്തുതന്നെ
"പടുത്വമോടിന്നുപറഞ്ഞനിൻവാ-
ക്കെടോ സുഖാംഭോധിയിൽമുക്കിയെന്നെ.
49. "സശോകരാം മർത്ത്യരൊടേവരോടും
വിശേഷമാമാർദ്രതകാട്ടിയും നീ,
സുശീലയാമെൻമകളോടുചേർന്നി-
ട്ടശോകനായ് വാഴ്കദീർഘകാലം."

11 DEC 1930

# A RETROSPECTION ON KERALA VIDYA-SALA.

'By K. V Achutha Menon' (Old Boy)

Kerala Vidyasala was once the pet name of the present Zamorin's College. If I remember right, it was brought into existence in 1878, in accordance with the natural law of demand and supply. The young princes, of all the branches of the Zamorin's royal family were eager to have English education, but their high status in the social life of Malabar stood as a hindrance to their joining the few Public Educational institutions at Calicut, in the latter part of the 19th century, and to their mingling freely with all classes of students. They were given only sanskrit education at home in accordance with the ancient custom. The necessity of giving English education to the princes was felt by the then Eralpad Raja of Kizhakke Kovilagam, several years previous to the birth of Kerala Vidyasala, and he was good enough te open a private school at Kottakkal and to invite princes and peasants to avail themselves of the opportunity to learn English. Some of the princes who showed proficiency in the study were sent to Madras for higher study. The noble example set by these pioneer engendered a strong desire in the hearts of all the princes at Calicut to have English Education, and the desire was conveyed to the then Zamorin Maharaja. A good opportunity for fulfilling this desire presented itself in the resignation by Mr. Cecil M. Barrow of his Principalship of the Government College, Calicut. This event happened in 1877. In consultation with the then Collector of Malabar, Mr. M. Logan, the Zamorin engaged the services of Mr. Barrow, first as a private tutor to the princes, and then as the Principal of the Kerala Vidyasala, founded by him, with the willing concurrence of all the branches of his Kovilagam. Mr. Barrow's fame as a great educationist had spread far and wide and students from every part of Malabar and Cochin hastened to Calicut to sit at his feet and get proficiency in English. Many of his former students had been occupying high posts in the government service and these lost no opportunity in dwelling upon his good qualities of head and heart. The Zamorin was wise enough to entrust the whole internal management of the new college to Mr. Barrow. He it was who selected teachers to the several classes and the Zamorin was ready to approve of his choice. He raised the tone of the college by every means in his power and threw the Government College into shade by brilliant results in the university examinations. The late Justice P. R. Sundara Iyer, Mr. T. Ramachandra Iyer and others were among his favourite students.

I had the pleasure to study in Kerala Vidyasala in those early days. My connection with the institution began in 1878 as a student in the third class. My class-master was one Mr. Subramannia Iyer. Sanskrit was taught in all the classes by an orthodox old Pandit, one Venkita Subrammannia Sastri. I remember to have had two teachers in succession in the Lower Fourth Class. The first was one Mr. Chuppu Menon, the other was one Mr. *K.* Ramunni Menon. There were two divisions in the Upper Fourth class. The teacher in the A Disvision was Mr. Dakshinamurthi Iyer who in later years exerted much influence in the internal management of the Zamorin's palace and of the college. The teacher in the B Division was one Mr. Kuryan, a Kottayam man, who was much patronised by Mr. Barrow, owing to his ability in teaching English. The latter also sympathised with his assistant as he shared in common the imprudence in the matter of spending money. To supplement his income he allowed Mr. Kuryan to open a depot for school text-books, and stationary, in the upstairs of the western gate-house The articles were ordered direct from England through the help of the principal. We were in the dark as to the private arrangements between them. In connection with the business of the depot, Mr. Kuryan was styled 'Curator'. Since the opening of the depot, his attention had been divided between his class and the depot. Even while engaged in teaching in the class, students flocked to him for sundry articles and teased him to such an extent that he would run in a fit to his depot leaving the class alone. In this connection, I like to record a conversation between the students of his class and himself. "Sir, the Middle school examination is very near. Mr. Dakshinamurthi Iyer has finished the algebra portion long ago, in his class. We have not finished a fourth part of the portion, and that too, very indifferently. What would be our fate in the examination? asked the students. Mr. Kuryan told them in reply, "you know that—Nair has passed the last Comparative Examination in the First class, yet he got Cypher in algebra. You can very well leave out the subject". With all this indifference in teaching mathematics he was a kind and sympathetic teacher in all the other subjects

I left the institution in 1881, after passing my middle school examination, held in December 1880, to join the Government College under the Principalship of Mr. Morgan who was a strict disciplinarian. I rejoined the Junior F. A. class in 1884 after passing the matriculation held in 1883. I shall try to record some recollections of college life in another article. Let me finish the incidents which come uppermost in my mind, during the early life of Kerala Vidyasala.

One of the features in the regime of Mr. Barrow was the constant visits of distinguished persons to the college. These included both European and Indians, officials and the nobility of Kerala. The Principal would gladly welcome all and conduct them to the classes and cheer them with some interesting talks about the eccentricities of some students or teachers and also by praising up their special

talents. If the guest was an Englishman he would ask the best pupils to recite a few lines of poetry and get an appreciation from him. Even otherwise he used to go round every class and enquire about the progress of the work, especially in the English lessons. He would hold conversations with pupils in English and would correct the mistakes in pronunciation.

Mr. Barrow was very courteous to the princes and sympathised with their idyosyncrasies. Once the teacher of one of the lower classes instructed a young budding prince in the mode of salaming the Principal on his entrance to the class. He told the prince to touch the forehead with the tips of his palm and the teacher also gave a practical lesson by touching his own fore-head with his palm and asking the prince to do in the same way. The next day, when the Principal entered the class-room the young prince ran to him and with a jump touched Mr. Barrow's fore-head and returned to his seat. The perplexed Principal wanted an explanation of this strange procedure. The teacher told him of his instruction on the previous day. The Principal broke his sides with laughter and lovingly embraced the prince. I don't know whether the prince in question is still alive and remembers the curious incident.

Another event which I remember was the first Prize distribution held in the durbar hall of the Talli Palace, in 1879, under the distinguished Presidentship of the Zamorin Maharaja. The Collector of Malabar and some other Europeans were also present on the occasion. The prize-winners were seated in two rows in the hall. I remember to have struggled through the crowd to receive my two prizes—one for the best handwriting in Sanskrit, and the other for General proficiency in the Lower Fourth Class.

It was a privilege then to mingle freely with the princes of the palace in the respective classes. But Mr. Barrow, by prescribing a style of dress fitting to the princes, distinguished them from others.

# ഭഗവല്ലാഭസാധനം.*

(സ്വാമി ശൈലജാനന്ദൻ.)

1. ശിലയെ പൂജചെയ്തോക്ക്
ഭഗവാനെ ലഭിക്കുകിൽ
ശൈലപൂജനടത്തും ഞാൻ
നിസ്സന്ദേഹമഹന്നിശ .

2. തുളസീപൂജചെയ്തോക്ക്
ഭഗവാനെലഭിക്കുകിൽ
തുളസീവനപൂജയ്ക്കായ്,
മുതിരും മന്മനംസദാ.

3 മാലയെപൂജചെയ്തോക്ക്
ഭഗവാനെ ലഭിക്കുകിൽ
മാലക്കൂട്ടത്തെഞാൻനിത്യം
പൂജചെയ്യും യഥാവിധി.

4. ദിവസേനകുളിപ്പോക്ക്
ഭഗവാനെ ലഭിക്കുകിൽ
ജലജന്തുവിനെപ്പോലെ
വാഴുംഞാൻ ഗതസംശയം.

5. ഫലമൂലം ഭുജിപ്പോക്ക്
ഭഗവാനെ ലഭിക്കുകിൽ
വാനരൻതന്നെയായ്തീരും
ഞാനേതും താമസംവിനാ.

6. പശുവിൻപാൽ കുടിപ്പോക്ക്
ഭഗവാനെലഭിക്കുകിൽ
ഒരുപൈക്കുട്ടിയായ്തീരാൻ
ഞാനൊട്ടും താമസിച്ചിടാ.

7. ചൊല്ലുന്നുമീര, ഗംഭീര-
പ്രേമം കൂടാതൊരിക്കലും
സിദ്ധിക്കയില്ല, ഭഗവാൻ
നന്ദബാലനെന്നിർണ്ണയം.

* ചിട്ടൂർ മഹാറാണിയും കൃഷ്ണഗതപ്രാണയുമായ മീരാഭായിയുടെ ഒരു ഹിന്ദിപ്പാട്ടിൻെറ തർജ്ജമ.

# പ്രാചീനഭാരതത്തിലെ
# വിദ്യാഭ്യാസരീതി.

(സ്വാമിശൈലജാനന്ദൻ)

ഭാരതത്തിൽ പുരാതനകാലങ്ങളിൽ വിദ്യാഭ്യാസം നടത്തിവന്നിരുന്നതു ഗുരുകുലവാസസമ്പ്രദായമനുസരിച്ചായിരുന്നു. ഗ്രാമങ്ങൾക്കു സമീപമുള്ള പ്രകൃതിരമണീയങ്ങളായ ഉപവനങ്ങളിലായിരുന്നു ഗുരുനാഥന്മാരുടെ വാസം. ബാലന്മാർ വിദ്യാഭ്യാസകാലം മുഴുവൻ ഗുരുഗൃഹത്തിൽ താമസിച്ചു അദ്ദേഹത്തിന്റെ രക്ഷയിൽ വളൎന്നുവന്നു. ഗുരുവും. ഗുരുപത്നിയും എല്ലാ കുട്ടികളേയും യാതൊരു വ്യത്യാസവും വിചാരിക്കാതെ സ്വന്തം പുത്രന്മാരെപ്പോലെ സ്നേഹിച്ചും, ശുശ്രൂഷിച്ചും വന്നിരുന്നു. ആ കാലത്തു ഏതു വിദ്യയും ഏതൊരുവനും പഠിക്കുന്നതിനു തടസ്ഥമുണ്ടായിരുന്നില്ല. സർവ്വശാസ്ത്രപാരാവാരപാരംഗതനും, ആത്മജ്ഞാനസമ്പന്നനുമായ ഗുരുനാഥൻ തന്റെ വിദ്യാൎത്ഥികളുടെ വാസനാബലം പരീക്ഷിച്ചറിഞ്ഞു ഓരോരുത്തൎക്കും അനുയോജ്യമായ തരത്തിലുള്ള വിദ്യകളെ അഭ്യസിപ്പിച്ചിരുന്നു. കൃഷി, വാണിജ്യം, ഗോപാലനം, രാജ്യപരിപാലനം, വൈദ്യം ജ്യോതിഷം, ആയുധാഭ്യാസം മുതലായതുകളും, പരമോൽകൃഷ്ടമായ ആത്മവിദ്യയും, വിദ്യാൎത്ഥികൾക്കു സമ്പാദിച്ചുകൊടുക്കുന്നതിനു സമൎത്ഥനായ ഒരു ഗുരുവിന് യാതൊരുവിധ ക്ലേശവും നേരിടാറില്ല. വിദ്യാൎത്ഥികളാകട്ടെ, ഗുരുവിന്റെ പൂജാകാൎയ്യങ്ങളിലും ഗൃഹജോലികളിലും അവരവൎക്കു കഴിവുള്ള സഹായം ചെയ്തും, അദ്ദേഹം ആജ്ഞാപിക്കുന്ന രീതിയിൽ പാഠങ്ങൾ പഠിച്ചും ആനന്ദത്തോടെ കാലം നയിച്ചുവന്നു. ഏതു വിദ്യയഭ്യസിക്കുന്നവരും ഒരുപോലെ അനുഷ്ഠിക്കേണ്ടതായ കൎമ്മനിയമങ്ങൾ പലതുമുണ്ടു്. അവയിൽ പ്രധാനമായവ:—അവിച്ഛിന്നബ്രഹ്മചൎയ്യനിഷ്ഠയോടുകൂടി ഇരിക്കണം; സത്യം, സഹോദരസ്നേഹം, നിഷ്കാപട്യം, നിസ്വാൎത്ഥത മുതലായ സദ്ഗുണങ്ങളെ പോഷിപ്പിക്കണം; സൎവ്വപ്രധാനമായി ഗുരുവിന്റെ ഏതൊരാജ്ഞയും യാതൊരു സങ്കോചവും, മടിയും കൂടാതെ പ്രത്യക്ഷരം പരിപാലിക്കണം; അതായതു് അനുസരണം ഉള്ളവരായിരിക്കണം; രാജകുമാരനായാലും വ്രജകുമാരനായാലും ഒരുപോലെ സ്നേഹത്തോടുകൂടി പെരുമാറണം; എല്ലാവരും ഏകോദരസഹോദരങ്ങളെപ്പോലെ വൎത്തിക്കണം. ഈ വക നിയമങ്ങൾ ബലാൽക്കാരമായി പ്രയോഗിക്കേണ്ട ആവശ്യംതന്നെ ഉണ്ടാകാറില്ല. ബാലന്മാർ, ഗുരുനാഥന്റെ അനിർവ്വചനീയമായ സ്നേഹം, ദയ, വാത്സല്യം, ഇവയാൽ വശീകൃതരായി സ്വയമേവ കൎത്തവ്യബോധമുള്ളവരായിത്തീൎന്നുകൊള്ളും. വിദ്യാൎത്ഥികളുടെ സ്വഭാവ-സംസ്കരണവിഷയത്തിലാ

ണ്ടു ഗുരു തൻെറ നിരന്തരശ്രദ്ധ പതിപ്പിച്ചിരുന്നതു്. ഏതു വിധവും വിദ്യാൎത്ഥികൾക്ക "ഏകാഗ്രത" എന്ന മഹാഗുണം ഉണ്ടാക ം, എന്ന മാത്രമാണു് ഗുരുവിൻെറ അത്യാകാംക്ഷ. അതുണ്ടായാൽ മററുള്ളതെല്ലാം നിഷ്പ്രയാസം ലഭിക്കുമെന്നു് അദ്ദേഹത്തിന്നു നല്ല നിശ്ചയമുണ്ടു്. അതുകൊണ്ടു് അദ്ദേഹം തൻെറ ശിഷ്യന്മാർ ഏതു പ്രവൃത്തി ചെയ്യുമ്പോഴും ഏകാഗ്രമായി ചെയ്യുന്നുണ്ടോ എന്നു പ്രത്യേകം ശ്രദ്ധിക്കും. വല്ല ന്യൂനതയും കണ്ടാൽ സസ്നേഹം ഉപദേശിച്ചു് അതിൽനിന്നും നിവൃത്തിപ്പിക്കും; തെററു കൂടാതെ പ്രവൎത്തിക്കാൻ പഠിക്കുന്നതുവരെ കൂടെക്കൂടെ ഉപദേശിച്ചു കൊണ്ടിരിക്കും. ക്രമേണ ഏകാഗ്രബുദ്ധി അവരിൽ വരുന്നതോടുകൂടി അവർ പൂൎണ്ണതൃപ്തരായും ഇഷ്ടകാൎയ്യപ്രാപ്തിക്കു സമൎത്ഥരായും ഭവിക്കും. ഓരോ പ്രത്യേക വിദ്യകളിലും ഉയൎന്ന തരത്തിലുള്ള പഠിപ്പു സമ്പാദിക്കുന്നതിന്നു മുമ്പുതന്നെ ശിഷ്യന്മാർ ഗുരുഭക്തി, അനുസരണം, ശ്രദ്ധ, വിശ്വാസം, നിസ്വാൎത്ഥത, ഇത്യാദിഗുണങ്ങളാൽ ബ്രഹ്മവിത്തായ ഗുരുവിൻെറ കൃപയ്ക്കു പാത്രിഭവിക്കുകയും, അദ്ദേഹത്തിൻെറ അപാരകാരുണ്യത്താൽ അപരാവിദ്യ സമ്പാദിക്കുന്നതിന്നു് അധികാരികളായി തീരുകയും ചെയ്യാറുണ്ടെന്നു് പ്രാചീനഭാരതം ഉച്ചൈസ്തരം ഉൽഘോഷിക്കുന്നു. സ്വജീവനെപ്പോലും തൃണവൽ ഗണിച്ചു് ഓരോ വിദ്യാൎത്ഥികൾ ഗുരുകൃപ ലഭിക്കുന്നതിന്നായി ചെയ്തിട്ടുള്ള തീവ്രപ്രയത്നങ്ങൾ അവൎണ്ണ്യങ്ങളാണു്; എന്നിരുന്നാലും ഉപനിഷത്കാലത്തിലെ ഗുരുശിഷ്യസമ്പ്രദായം ധരിക്കുന്നതിന്നുപകരിക്കുന്ന ഒന്നു രണ്ടു സംഭവം ഇവിടെ വിവരിക്കാം.

വളരെ പുരാതനകാലത്തു് 'അയോദധൗമ്യൻ' എന്നു പേരായ ഒരു ബ്രഹ്മജ്ഞനായ മഹൎഷി ഉണ്ടായിരുന്നു. അദ്ദേഹത്തിൻെറ ആശ്രമത്തിൽ ഏതാനും ബാലന്മാർ വിദ്യാസമ്പാദനത്തിനായി താമസിച്ചിരുന്നു. ഒരു ദിവസം രാത്രി ഒരു വലിയ മഴപെയ്തു. പിറേറന്നു രാവിലെ കൃഷിസ്ഥലത്തു ചെന്നു വയലുകളിലെ വരമ്പു വല്ലതും പൊട്ടിയൊലിച്ചു പോയിട്ടുണ്ടോ എന്നു നോക്കിവരുന്നതിന്നായി അയോദധൗമ്യൻ തൻെറ ശിഷ്യഗണങ്ങളിൽ ഒരാളായ ആരുണിയെ നിയോഗിച്ചയച്ചു. ആ ബാലൻ വയലിൽ ചെന്നു നോക്കിയപ്പോൾ ഒരു വരമ്പു കുറേ പൊട്ടി കണ്ടങ്ങളിലേക്കു വെള്ളം കടക്കുന്നതായി കണ്ടു. അതു തടുക്കുന്നതിന്നു് എത്രതന്നെ ശ്രമിച്ചിട്ടും ആ കുട്ടിക്കു സാധിച്ചില്ല. ചിറ കെട്ടുന്നതിന്നുള്ള സാധനങ്ങളും സമീപത്തെങ്ങും കണ്ടില്ല. ഏതുവിധവും അതു തടുത്തുനിൎത്താത്തപക്ഷം കണ്ടത്തിൽ വെള്ളം കടന്നു അതിലെ മുളകൾ എല്ലാം പറിഞ്ഞു നഷ്ടപ്പെട്ടുപോകുമെന്നു് ആ കുട്ടി ഭയന്നും വളരെ ആലോചിച്ചുനോക്കിയിട്ടും യാതൊരു മാൎഗ്ഗവും കാണാത്തതിനാൽ ആ ബാലൻ വരമ്പു പൊട്ടിയിരിക്കുന്ന സ്ഥലത്തു ചെന്നു കിടന്നു വെള്ളം തടുത്തുനിൎത്തി. വളരെ നേരം ആ കിടപ്പിൽതന്നെ കിടന്നു. വയലിൽ നോക്കുന്നതിന്നു പോയ ശിഷ്യനെ കാണാഞ്ഞു പരിഭ്രമിച്ചു് ഗുരുവും മററു ശിഷ്യന്മാരുംകൂടി അന്വേഷിച്ചു പുറപ്പെട്ടു. "ആരുണി! ആരുണി! എൻെറ പ്രിയപ്പെട്ട ആരുണി! നീ എവിടെയാണു്? എ

ന്നിപ്രകാരം അത്യുച്ചത്തിൽ വിളിച്ചുകൊണ്ട് ആ മഹർഷി പല സ്ഥലത്തും നടന്നു. ഒടുവിൽ ആരുണി കിടക്കുന്ന വരമ്പിനു സമീപം വന്ന് അവർ ആ ബാലനെ കണ്ടു. ആ സമയം ആ കുട്ടിയുടെ സർവ്വാംഗങ്ങളും തണുപ്പുകൊണ്ടു മരവിച്ചുപോയിരുന്നു; എന്നിട്ടും അവൻ ഗുരുനാഥന്റെ പ്രേമപൂർണ്ണമായ വിളികേട്ട ഉടൻ ചളിയിൽനിന്നും വളരെ ബുദ്ധിമുട്ടി എഴുന്നേററു ചെന്ന് അദ്ദേഹത്തിന്റെ പാദാരവിന്ദങ്ങളിൽ സാഷ്ടാംഗപ്രണാമംചെയ്തു. ആ ഗുരുനാഥൻ തന്റെ പ്രിയശിഷ്യനെ സസ്നേഹം ഗാഢാലിംഗനം ചെയ്തുകൊണ്ട് "എന്റെ പ്രിയപ്പെട്ട കുഞ്ഞേ! നിന്നെ ഭഗവാൻ അനുഗ്രഹിക്കട്ടെ! നിന്റെ സർവ്വാഭീഷ്ടങ്ങളും സാധിക്കട്ടെ! സർവ്വവിധബന്ധങ്ങളിൽനിന്നും മുക്തനായിഭവിക്കട്ടെ! എന്ന് ആശീർവ്വദിച്ചു. അവശനായി ചളിയിൽ കിടന്നിരുന്ന നീ അവിടെനിന്ന് 'ഉയർന്നെഴുന്നേററു വന്നതിനാൽ' ഇന്നുമുതൽ 'ഉദ്ദാലകൻ' ആയിരിക്കുന്നു. ഇനി എല്ലാവരും നിന്നെ 'ഉദ്ദാലകൻ' എന്നു വിളിക്കട്ടെ എന്നും അദ്ദേഹം അരുളിച്ചെയ്കയുണ്ടായി.

അയോദധൗമ്യന്റെ മറെറാരു ശിഷ്യനായ 'ഉപമന്യു'വിന്റെ പ്രവൃത്തിയും അത്ഭുതജനകമത്രെ. ഉപമന്യുവിനോട് പശുക്കളെ കാട്ടിൽ കൊണ്ടുപോയി തീററിക്കൊണ്ടു വരുന്നതിനാണ് ഗുരുനാഥൻ ആജ്ഞാപിച്ചതു്. ദിവസവും അതിരാവിലെതന്നെ ആ ബാലൻ എന്തെങ്കിലും ലഘുഭക്ഷണം കഴിച്ചിട്ട പശുക്കളേയും കൊണ്ടു കാട്ടിലേക്കുപോകും. സന്ധ്യയാകുമ്പോൾ മടങ്ങിയെത്തും. കുറേദിവസം കഴിഞ്ഞപ്പോൾ അയോദധൗമ്യനും ഉപമന്യുവും തമ്മിൽ താഴെചേക്കും വിധം ഒരു സംഭാഷണം നടന്നു.

അ--ധൗമ്യൻ:--നീ എന്നും അതിരാവിലെ അല്പം ആഹാരം കഴിച്ചു ഇവിടെനിന്നുപോകുന്നു. ഉച്ചയ്ക്കു വന്നു ഒന്നും കഴിക്കാറുമില്ല. എന്നിട്ടും നിന്റെ ശരീരത്തിനു യാതൊരു ക്ഷീണവും കാണാത്തതെന്തുകൊണ്ടാണ്?

ഉപമന്യു:--ഗുരുനാഥ! ഞാൻ പശുക്കളെ കാട്ടിൽകൊണ്ടുപോയി വിട്ടതിനു ശേഷം സമീപത്തുള്ള ഗ്രാമത്തിൽപോയി ഭിക്ഷയെടുത്തു ആഹാരം കഴിക്കും. അതുകൊണ്ടാണ് ക്ഷീണം കാണാത്തതു്.

അ:--ധൗമ്യൻ:-- നീ ചെയ്യുന്നതു ശരിയല്ല; നിങ്ങൾക്ക എന്തെങ്കിലും കിട്ടിയാൽ ആദ്യം നിങ്ങളുടെ ഗുരുവിന് അതുകൊടുത്തിട്ട മാത്രമേ നിങ്ങൾക്ക കഴിക്കാൻ പാടുള്ളു. അല്ലാത്തപക്ഷം അതു നിങ്ങൾക്ക ദോഷത്തെചെയ്യും.

ഉപമന്യു:--എനിക്കറിവില്ലാത്തതുകൊണ്ടു വന്നുപോയ ഈ തെററു ഗുരുനാഥൻ ക്ഷമിക്കണം. മേലാൽ ഞാൻ ഈ കാര്യം ശ്രദ്ധിച്ചുകൊള്ളാം.

ഈ സംഭാഷണാനന്തരം ദിവസങ്ങൾ പലതും കഴിഞ്ഞു. എന്നിട്ടും ഉച്ചയ്ക്കുണ്ണാത്തതുകൊണ്ടുള്ള ക്ഷീണം ഉപമന്യുവിനു ഉണ്ടായില്ല. അതെന്തുകൊണ്ടാണെന്നു ഒരുദിവസം ഉപമന്യുവിനെ വിളിച്ചു ഗുരുചോദിച്ചു. അപ്പോൾ ആ ബാലൻ ഇപ്ര

കാരം പറഞ്ഞു, "ഞാൻ പതിവുപോലെ പശുക്കളെ കാട്ടിൽ കൊണ്ടുച്ചെന്നു വിട്ടിട്ടു ഭിക്ഷയ്ക്കുപോകും. ആദ്യം കിട്ടുന്നതു ഇവിടെ കൊണ്ടുവരും. പിന്നീടു കിട്ടുന്നതു ഭക്ഷിയ്ക്കും." "കുഞ്ഞേ! ഗ്രാമത്തിലുള്ളവരെ ഈപ്രകാരം പലപ്രാവശ്യംചെന്നു ബുദ്ധിമുട്ടിക്കുന്നതു ശരിയല്ല" എന്നു ഗുരുനാഥനും, "ഇനി ഞാൻ ഗ്രാമക്കാരോട് ഒന്നും വാങ്ങുകയില്ല. ഈ പ്രാവശ്യം ക്ഷമിക്കണം" എന്നു ശിഷ്യനും പറഞ്ഞു.

പിന്നീടും കുറെ ദിവസം കഴിഞ്ഞു. എന്നിട്ടും ഉപമന്യുവിന് ക്ഷീണം ഒട്ടും കാണാത്തതുകൊണ്ടു "ഇപ്പോൾ നീ ഉച്ചക്ക് എന്തു കഴിക്കുന്നു" എന്നു ഗുരു ചോദിച്ചു. "ഞാൻ പശുക്കളുടെ പാൽ കറന്നു കുടിക്കുന്നു" എന്ന് ആ കുട്ടി മറുപടി പറഞ്ഞു. "കുഞ്ഞേ! പശുവിൻെറ പാൽ മുഴുവൻ നീ കറന്നു കുടിക്കുന്നപക്ഷം അതിൻെറ കുട്ടി കഷ്ടപ്പെടും; അതുകൊണ്ട് അതു പാടില്ല" എന്നു ഗുരു പറഞ്ഞു. അതുകേട്ട് "ഗുരുനാഥൻ ക്ഷമിക്കണം; ഇനി ഞാൻ അപ്രകാരം ചെയ്കയില്ല" എന്നു ആ ബാലനും പറഞ്ഞു.

ഏതാനും ദിവസം കഴിഞ്ഞിട്ടും ഉപമന്യുവിന് യാതൊരു ക്ഷീണവും ബാധിച്ചിട്ടില്ലെന്നറിഞ്ഞ് "നീ ഇപ്പോൾ വല്ലതും കഴിക്കാറുണ്ടോ?" എന്നു ഗുരു ചോദിച്ചു. "ഉണ്ട്; ഗുരുനാഥ! പശുക്കുട്ടികൾ പാൽ കുടിച്ചുതീൎന്നു കുറച്ചു കഴിയുമ്പോൾ അതിൻെറ വായിൽക്കൂടി വരുന്ന നുരയും പതയും കഴിക്കുന്നുണ്ട്" എന്ന് അവൻ ഉത്തരം പറഞ്ഞു. "കുഞ്ഞേ! ആ സാധുക്കളായ പശുക്കുട്ടികൾ നിനക്കുവേണ്ടി കുറെ അധികം നുരയും, പതയും വരുത്തുന്നുണ്ടായിരിക്കും; അതെല്ലാം നീ എടുക്കുന്നപക്ഷം അതിനു വളരെ ക്ഷീണം ഉണ്ടാകും; അതുകൊണ്ട് അപ്രകാരം ചെയ്യുന്നതു ശരിയല്ല." എന്നുള്ള ഗുരുനാഥൻെറ മറുപടി കേട്ട്, ആ ശിഷ്യൻ "ഞാൻ ഇനി ഇതുപോലെയുള്ള തെററു ചെയ്യുകയില്ല; ഇത്തവണ ഗുരുനാഥൻ എനിക്കു മാപ്പുതരണം" എന്നപേക്ഷിച്ചു.

പിറേറ ദിവസം ഉച്ചയായപ്പോൾ ആഹാരത്തിനു യാതൊരു മാൎഗ്ഗവും കാണാതെ ആ ബാലൻ വല്ലാതെ വലഞ്ഞു. ആ കാടു മുഴുവൻ അവൻ അന്വേഷിച്ചു നടന്നു. എന്നിട്ടും അവന് ഏതെങ്കിലും ഒരു ചെടിയുടെ കായുപോലും തിന്നുന്നതിനു കിട്ടിയില്ല. വിശപ്പു സഹിക്കാൻ നിവൃത്തിയില്ലാതെയായപ്പോൾ ആ ബാലൻ എരുക്കിൻെറ ഇല കുറെ പറിച്ചു തിന്നു. കുറച്ചു സമയം കഴിഞ്ഞപ്പോൾ അവൻെറ കണ്ണുരണ്ടും കാണാൻ പാടില്ലാതെയായി. തപ്പിത്തടഞ്ഞുനടന്ന് ആ കുട്ടി ഒരു പൊട്ടക്കിണററിൽ ചെന്നു വീഴുകയും ചെയ്തു. സന്ധ്യയായപ്പോൾ പശുക്കൾ പതിവുപോലെ ആശ്രമത്തിൽ മടങ്ങിയെത്തി. വളരെനേരം കഴിഞ്ഞിട്ടും ഉപമന്യുവിനെ കാണാത്തതുകൊണ്ടു ഗുരുവും ശിഷ്യന്മാരും കൂടി അന്വേഷിച്ചു പുറപ്പെട്ടു. രാത്രിയായിരുന്നതിനാൽ എല്ലാസ്ഥലവും നല്ലപോലെ നോക്കുന്നതിനു സാധിക്കയില്ലല്ലോ

എന്ന കരുതി ആ ഗുരുനാഥൻ വഴിനീളെ "കുഞ്ഞേ! ഉപമന്യു! നീ എവിടെയാണ്; ഇവിടെ വന്നാലും." എന്ന് അത്യുച്ചത്തിൽ വിളിച്ചുകൊണ്ടാണ് നടന്നത്. പല സ്ഥലത്തും അന്വേഷിച്ച കൂട്ടത്തിൽ ആ പൊട്ടക്കിണററിന്റെ സമീപത്തു കൂടിയും അവർ കടന്നുപോകുവാനിടയായി. ഗുരുവിന്റെ ശബ്ദംകേട്ട ഉടൻ ആ ബാലൻ അത്യുച്ചത്തിൽ ഇപ്രകാരം വിളിച്ചു പറഞ്ഞു. "ഗുരുനാഥ! ഞാൻ ഈ പൊട്ടക്കിണററിൽ ഉണ്ട്. ഉച്ചയ്ക്കു വിശപ്പു സഹിക്കാൻ നിവൃത്തിയില്ലാതെയായപ്പോൾ ഞാൻ ഒരു ചെടിയുടെ ഇല കുറെ പറിച്ചുതിന്നു. കുറെ കഴിഞ്ഞപ്പോൾ എന്റെ കണ്ണു കാണാതെയായി. വഴി കാണാതെ നടന്നു നടന്ന് ഞാൻ ഈ പൊട്ടക്കിണററിൽ വന്നു വീണിരിക്കയാണ്." ഇതുകേട്ട ഗുരുനാഥൻ വേഗം ആ കിണററിന്റെ സമീപം ചെന്നു വിവരങ്ങളെല്ലാം ചോദിച്ചറിഞ്ഞു. "കുഞ്ഞേ! നീ അശ്വനീദേവന്മാരെ ഭക്തിപൂർവ്വം ഭജിക്കുക; എന്നാൽ നിന്റെ കണ്ണിനു കാഴ്ചയുണ്ടാകും" എന്ന് ഉപദേശിച്ചു. അനന്തരം അദ്ദേഹം മററു ശിഷ്യരൊന്നിച്ചു ആശ്രമത്തിലേക്കു മടങ്ങിപ്പോയി.

ആ ബാലൻ ഗുരുവിന്റെ ആജ്ഞയനുസരിച്ച് അശ്വനീദേവന്മാരെ ധ്യാനിക്കുകയും കീർത്തിക്കുകയും ചെയ്തു. ആ കുട്ടിയുടെ ഹൃദയംഗമമായ പ്രാർത്ഥന കേട്ട സന്തോഷിച്ച് അശ്വനീദേവന്മാർ പ്രത്യക്ഷരായി. "കുഞ്ഞേ! ഈ അപ്പം നീ ഭക്ഷിക്കുക; എന്നാൽ നിന്റെ കണ്ണിന് ഉടൻ കാഴ്ചയുണ്ടാകും" എന്നു പറഞ്ഞ് ഒരു അപ്പം ആ കുട്ടിക്കു കൊടുക്കാൻ ഭാവിച്ചു. ആ ബാലൻ അതു വാങ്ങാതെ "ഹേ ദേവന്മാരെ! ഞാൻ ഗുരുവിന്നു കൊടുക്കാതെ ഒന്നുംതന്നെ കഴിക്കുകയില്ല." എന്നു പറഞ്ഞു. "കുഞ്ഞേ! ഇതൊരു മരുന്നാണ്; അതുകൊണ്ടു ഗുരുവിനു കൊടുക്കണമെന്നില്ല" എന്ന് അശ്വനീദേവന്മാർ വീണ്ടും പറഞ്ഞു. എന്നിട്ടും ആ ബാലൻ അതു സ്വീകരിച്ചില്ല. "നിന്റെ ഗുരുനാഥൻ ബാലനായിരുന്ന കാലത്തു അദ്ദേഹത്തിനു കിട്ടിയ ഒരപ്പം ഗുരുവിനു കൊടുക്കാതെ ഭക്ഷിച്ചിട്ടുണ്ട്. അതുപോലെ നിനക്കും ഇതു ഭക്ഷിക്കാം." എന്നു അവർ പിന്നെയും പറഞ്ഞുനോക്കി. ആ ബാലനാകട്ടെ; "എന്റെ ഗുരുനാഥൻ അപ്രകാരം എന്തെങ്കിലും ചെയ്തിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽതന്നെ അതെന്തുകൊണ്ടാണെന്നും മററും എനിക്കറിഞ്ഞിട്ടാവശ്യമില്ല. ഞാൻ ഒരിക്കലും അദ്ദേഹത്തിന്റെ ആജ്ഞയെ ലംഘിക്കയില്ല. അദ്ദേഹത്തിന്റെ കൃപയാൽ നിങ്ങൾ എത്രതന്നെ ശ്രമിച്ചാലും എന്റെ വ്രതം ഭഞ്ജിപ്പിക്കുന്നതിന് നിങ്ങൾക്കു സാധിക്കയുമില്ല; കഴിയുമെങ്കിൽ എന്റെ കണ്ണിനു കാഴ്ചയുണ്ടാക്കിത്തരിക. അതിനു നിങ്ങൾക്കു സാധിക്കയില്ലെങ്കിൽ ഞാൻ എന്നും ഈ നിലയിൽത്തന്നെ ഇവിടെ കിടന്നുകൊള്ളാം." എന്നു സധൈര്യം മറുപടി പറഞ്ഞു. അതുകേട്ട് ആ ദേവന്മാർ വളരെ സന്തോഷിച്ചു അവന്റെ കണ്ണിനു കാഴ്ച നൽകി, അവനെ ആ കിണററിൽ നിന്നു കരക്കു കയററിവിട്ടു, ഇനി എന്തു വേണം" എന്നു ചോദിച്ചു. അവൻ ഒന്നും ആവശ്യപ്പെട്ടില്ല. അവന്റെ അത്ഭുതജനകമായ ഗുരുഭക്തിയും വിശ്വാസവും കണ്ട് അവർ പൂർവ്വാധികം സന്തോഷിച്ച് "വത്സ! നിനക്കു സർവ്വൈശ്വര്യങ്ങളും ഉണ്ടാകട്ടെ!" എന്ന് അനുഗ്രഹിച്ചു മറഞ്ഞു. ആ കുട്ടി ആശ്രമത്തിൽ ചെന്നു ഗുരുപാദങ്ങളിൽ ദീർഘദണ്ഡനമസ്കാരംചെയ്തു. അവന്റെ ഭക്തിയും ശ്രദ്ധയുംകണ്ടു സന്തോഷിച്ച് അയോദധൗമ്യൻ അവനെ ആശ്ലേഷിച്ചുകൊണ്ട് ഇപ്രകാരംപറഞ്ഞു. "കുഞ്ഞേ! നിന്നെപ്പോലെയുള്ള ശിഷ്യന്മാർ ലോകത്തിൽവളരെ ചുരുക്കം. നിന്റെ ഭക്തിയാൽ ഞാൻ സന്തുഷ്ടനായിരിക്കുന്നു. നിനക്കു സർവ്വവിധ ശ്രേയസ്സുകളും സംഭവിക്കട്ടെ!"

ആരുണിയുടേയും ഉപമന്യുവിൻെറയും ഗുരുഭക്തി, സ്വകൃത്യനിർവ്വഹണശ്രദ്ധ, നിസ്വാൎത്ഥത മുതലായവ നോക്കുവിൻ! ഗുരുകാൎയ്യത്തിലുള്ള അതിശ്രദ്ധയാൽ ആരുണി സ്വദേഹം ബലിയായി അൎപ്പിക്കുന്നു. ഉപമന്യുവാകട്ടെ; "രാവിലെ പശുക്കളെ കൊണ്ടുപോയി വൈകുന്നേരം തീററിക്കൊണ്ടുവരണം; ഗുരുവിനു കൊടുക്കാതെ യാതൊന്നും ഭക്ഷിക്കരുത്; കൂടക്കൂടെ ഭിക്ഷയെടുത്തു ഗ്രാമവാസികളെ ബുദ്ധിമുട്ടിക്കുന്നതു ശരിയല്ല; പാൽ കറന്നു കുടിക്കുന്നതും ശരിയല്ല; പശുക്കുട്ടികളേയും ക്ഷീണിപ്പിക്കരുത്." എന്നിപ്രകാരമുള്ള ഗുരുവിൻെറ ആജ്ഞയെ പ്രത്യക്ഷരം അനുഷ്ഠിക്കുന്നു. "ഞാൻ ഉച്ചയ്ക്കു എന്തു കഴിക്കണം?" എന്നു ഗുരുവിനോടു ചോദിക്കാമെന്ന് ആ ബാലൻ വിചാരിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ, ഗുരുവിൻെറ ഏതൊരാജ്ഞയും അനുസരിക്കുന്നതിനല്ലാതെ അതിനെപ്പററി ചോദിക്കുന്നതിനു തനിക്കധികാരമില്ലെന്നു അവനു നല്ല നിശ്ചയമുണ്ടായിരുന്നു. "അപ്പം മരുന്നാകയാൽ ഗുരുവിനുകൊടുക്കേണമെന്നില്ല" എന്നും മററുമുള്ള അശ്വനിദേവകളുടെ വാക്കിനെ അവൻ നിഷേധിക്കുന്നു. ഗുരുവിൻെറ ആജ്ഞയെ പാലിക്കുന്നതിനുവേണ്ടി പൊട്ടക്കിണററിൽ, പൊട്ടക്കണ്ണനായി ആരും സഹായത്തിനില്ലാതെ ജീവാവസാനംവരെ ജീവിക്കുന്നതിന് അവൻ തയാറാകുന്നു.

ഗുരുനാഥൻെറ ശിഷ്യവാത്സല്യവും ശിക്ഷാക്രമവും അത്യാശ്ചൎയ്യംതന്നെ. ഉപമന്യു തെററുചെയ്തപ്പോഠം കോപിച്ചു വടി എടുക്കാതെ അദ്ദേഹം സ്നേഹപൂർവ്വം "കുഞ്ഞേ! അപ്രകാരം പ്രവൎത്തിക്കുന്നതു ശരിയല്ല; അതുകൊണ്ടു നിങ്ങഠക്കു ദോഷമുണ്ടാകും" എന്നു മാത്രം ഉപദേശിക്കുന്നു. ആ രണ്ടു ബാലന്മാരുടെയും തീവ്രനിഷ്ഠ കണ്ടു ഗുരുനാഥൻ അവരിൽ കൃപാവൎഷം ചൊരിയുന്നു; സകലകലാവിദ്യകളും അവരെ നിഷ്പ്രയാസം അഭ്യസിപ്പിക്കുന്നു; ദേവന്മാൎക്കുപോലും അലഭ്യമായ ആത്മജ്ഞാനമാൎഗ്ഗവും അവൎക്കു ഉപദേശിച്ചുകൊടുക്കുന്നു; സകല സംസാരദുഃഖങ്ങളിൽനിന്നും അവരെ മോചിപ്പിക്കുന്നു.

എല്ലാ മനുഷ്യരിലും അനന്തമായ ശക്തിയുണ്ട്; അതിൻെറ പ്രകാശനത്തിനു മാത്രമെ ഏററക്കുറവുള്ളു; ആ അനന്തശക്തിയുടെ സമ്പൂൎണ്ണപ്രകാശനമാണ് യഥാൎത്ഥ വിദ്യാഭ്യാസം; ഓരോ ബാലന്മാരിലും ഉള്ള ആ അനന്തപരിപൂൎണ്ണശക്തിയെ —ആത്മാവിനെ— വികസിപ്പിക്കുന്നതിനു കഴിവുള്ള സഹായം ചെയ്യുക മാത്രമാണ് തങ്ങളുടെ ഏക കൎത്തവ്യം; ആത്മാവു വികസിക്കുമ്പോഠം ഓരോരുത്തരും എല്ലാ ഇന്ദ്രിയങ്ങളേയും ബുദ്ധിപൂർവ്വം പ്രയോഗിച്ചുകൊള്ളും; പുരുഷാൎത്ഥം ഇന്നതെന്നറിയുകയും, അതു ലഭിക്കുവാനുള്ള മാൎഗ്ഗം കണ്ടുപിടിക്കുകയും ചെയ്യുന്നതാണ് ഉൽകൃഷ്ട വിദ്യാഭ്യാസത്തിൻെറ പരമപ്രയോജനം; ആത്മജ്ഞാനലാഭമാണ് മനുഷ്യജന്മോദ്ദേശ്യം; ഇത്യാദിസംഗതികഠം പ്രാചീനകാലത്തുള്ള ഗുരുനാഥന്മാൎക്ക് നല്ലപോലെ അറിയാമായിരുന്നു. അതിനാൽ അവർ ആത്മധൎമ്മത്തെ മുൻനിൎത്തിയും, പൂൎവ്വസംസ്കാരങ്ങളെ അവലംബിച്ചും വിദ്യാൎത്ഥികളിൽ ചാരിത്ര്യബലവും, ഈശ്വരഭക്തിയും ഉത്തേജിപ്പിക്കുന്ന തരത്തിലുള്ള വിദ്യകളെ പ്രകാശിപ്പിച്ചിരുന്നു.

'പ്രാചീനഭാരതത്തിലെ വിദ്യാഭ്യാസരീതി' ഏകദേശം ഈവിധമായിരുന്നു.

# THE HARMLESS PEDAGOGUE.

(From a Speach at a Meeting of the Cochin Teachers' Association.)

By M. P. Sivadas Menon, M. A. (Hons.)

Mr. Chairman, Ladies, and Gentlemen,

Up in British Malabar where I come from there are still those who say that you in Cochin have no hospitality. It is one of those silly insular things which unthinking people say all the world over, and which help in varying degrees and means to perpetuate the Age of Confusion on earth. It seems to me, that if like me they had been privileged to feel how warm your hand-clasp can be, and how thoughtful you are of the stranger's needs, they would recant the heresy and hasten to pay you the homage which their own ruder conditions owe you. Some such thought at the back of my mind must have helped to entice me a second time across your frontier. Besides I felt that an invitation from you was something in the nature of a command—an august call from a brotherhood to which I belong. The question of worthiness did not arise; it never does, when a soldier gets his orders and goes forth to obey.

When the members of a profession foregather on questions of common interest, they have naturally to think of what is owing to them no less than what they owe to others. Our own profession differs from most others in two important aspects,—we stress on duties far more than our rights, and those duties not merely to the state, but to humanity as a whole. Our demands are seldom a blatant clamour. We are, emphatically, not a Trades Union trying to fix a strangle-hold on their employers, but a body of gentlemen and university men who wish to make a statement of sheer wants the satisfaction of which would alone enable us to give the state the best that is in us. We ask for common humanity, and help to do our work as it should be done.

The slogan of education today is Psychology. No system is sound which does not sufficiently stress the mental science of children. This is just as it should be: but what of the poor drudge who has the task of playing on that heart-breaking instrument? It seems to be generally assumed that his psychology is negligible—it does not much matter whether he is hungry, depressed, or ill,—studying his little

tyrants is all he has to do. The cant example is: "To teach Smith, Algebra, it is not enough to know Algebra: you must know Smith." Brown, who knows both well enough, probably is so overworked and underpaid that he wishes he were dead to the great detriment of all three—himself, Smith, and Algebra.

Every one knows the expression "Harmless Pedagogue". Under its biting pity is usually concealed a personality in many ways remarkable. The School-master is generally a highly refined person, quick in understanding, easily hurt and easily amenable, loyal by nature and tradition. He has a longing for beautiful things—a good home, pictures, furniture, music and other modest artistries of life. What he actually achieves is something incredibly drab. So far from getting the refinements of life, he is often in danger of missing the means of subsistence. How often have these excellent people to pledge cherished thing, or imperil them-selves with money-lenders for expenditure which would make all the difference between life and death for a half-starved wife or sick child! How often has one seen a deputation of *Kuchelas* waiting on managers far a dizzy two-Rupee rise in salary! And how much longer should this state of things continue in an age of justice and benevolence which thinks for lunatics and jail-birds and worse? It is not for me to formulate a scheme of pay, but I believe that about Rs. 150—200 for High School Teachers and about 75—100 for lower grades would be reasonable pay. I cannot conceive of an educated man and his family living on less these hard days. The labourer is worthy his hire.

The university has already acknowledged the principle of reduced class work for lecturers in colleges. These gentlemen are supposed to devote the rest of the working day to research. In second grade colleges at all events these re-searches have few thrilling results, as they consist mainly of looking through a book or two of "notes" a few minutes before the "lecture". As for individual attention to scholars, it is bound to be largely a frost so long as philanthroplic examining bodies release on us every year a veritable Hun-horde of Impossibles. But the principle itself is undoubtedly sound and has real effect on the quality of college work. The partial *laissez faire* makes for greater freshness, and in any case it is quite right that a respite for self-education should be available whatever the use we make of it. My own point is that the High School Teacher would be very much the better in mind and efficiency if a scheme of similar consideration was extended to him. He usually teaches more subjects than a lecturer, and ought to have more hours for preparation. I am informed that at present High School assistants are sometimes worked as many as 28 periods a week, and that leisure when it comes along is swallowed up in "extra work" in which one has to do some one else's shift, usually of an absentee. The work of teaching is far more fatiguing than the work of a lawyer or a judge, and has none of their com-

pensatory satisfactions. And the lower the class the more exacting it is. Even a strong man gets faint and dizzy by the end of the day. It is ridiculous and inhuman to expect that men will do their best work in such conditions. We work, for we have to keep the pot boiling.

And then, too, most often, the School is just a shanty of sorts, unscientifically built, with little regard for lighting and ventilation, and none at all for accoustics. I know nothing quite so discouraging as to have noisy classes on both sides of your own with just half a wall or less between you and them. You have perhaps to do a delicate poem, or develope a fine scientific argument. The effort is a screaming agony. Out of the surrounding babel the mind takes refuge in inner depths; a soulless clacking tongue is left to do what it can. You talk in a hypnotised, barrackroom voice which has no meaning and no conviction. No true teaching is possible where in suitable silence the teacher may not employ the intimate appeal of low, modulated tones.

Running a school is, in these days, no longer a matter of notoriety Owners and managers should think beyond so narrow an aim as otherwise they really fail to get the greatest good out of their endeavours, and indeed often cause a lot of harm all round to themselves, their workers, and the generation coming. It is quite time we got out of *pial* school traditions, and began to build schools and colleges in the very best possible manner. The added outlay is well worth the years of increased efficiency to come. There are at present schools which have not enough apparatus and not even enough class-rooms; whose grounds are really a sort of *ager publicus* where the village cows and the boys worry along together, turn and turn about. For the masters, there are often no arrangements at all. They are herded together into any room which can be spared. There are not enough chairs or tables. Such furniture as exists is usually ricketty or broken and a crawl with vermin. At the lavatory they have to bide their time and dodge in and out between the boys. These are small indignities, in themselves bearable, but the evil is that the boys grow up in increasing contempt of the wretch who slinks in and out of school thus, in perpetual apology for an unwanted existence. And the pity is that much of all this is easily avoidable.

I have spoken of fatigue. It affects boys no less than masters. It has always seemed to me that the present five hours grind in the hottest part of the day is altogether too great a strain all round, considering our gruelling climate and the dubious economics of our daily life. Our own schooldays are not so far off but that we remember how unpleasant it was to have to bolt down hot food without appetite, hurry down a mile or two to school, and sit for a whole morning in deliquescent somnolence in a hot close class-room. As for work after two, it was just night-mare. Here were all the most ideal conditions for the promotion of

dyspepsia and ganeral ill-being. Why should such a system continue? I am absolutely convinced that if the work is reduced by an hour or even two hours and shifted to the cooler hours of the morning (between seven and eleven) our eduacated men will live longer than they now do, and be fresher while they live I refuse to believe that the quantity or quality of the work done will be more damaged by this system than by the progressive degradation of standard which now so fatally dilutes all instruction given in schools. In any case the advantages far outnumber the disadvantages of the change. It would promote early rising. It would make breakfast at a reasonable hour possible and help enjoyment and assimilation. We get complete rest after the meal. The quantity of work done is itself not overtaxing. The boy can play or read at leisure the rest of the day, while the master gets more time to check and inspect the day's work—a matter which is at present badly neglected. Also, one may add, the necessity to attend school early would gradually make the boys live in a near and compact area where they would be better looked after by the school—an advantage which tends to approximate more and more closely to the residential ideal. Those who live far away from the school may conceivably feel this a hardship, but after all such boys are few, and may be trusted tc suit themselves when the rule bccomes universal. The proposals made by the Health Committee (who recently considered the question) have this disadvantage tnat the period of rest recommended by them though satisfactory in length falls between spells of work, and the sense of release necessary for rest cannot come easfly. Besides play time gots restricted, necessarily when work of any duration is to be done in the afternoon. A better solution would have been the shifting of afternoon work to night, but it is hardly possible in India.

There are a great many other things which challenge our noticc. But they are largely questions of detail, best left to the committee to consider. Besides, it will not do to grumble the whole time. There is however one very vital thing which I should not omit to speak of—I mean the social insignificance of the schoolmaster. We have at present neither the means nor the boldness (neither the tin nor the brass. if I may say so) to attempt an entry into public affairs, participation in which is absolutely necessary for social consideration. Out of this has come the very widespread notion that we are in the nature of things unfit for public life. The few schoolmasters who got or made the opportunity have completely and brilliantly belied this monstrous prejudice. But the prejudice itself continues I am amazed when I consider what undrainable ore of knowledge and talent exists in our schools and colleges unexploited by the State. The knowledge of the past, and the sense of proportion which it gives, the sanity and moderation of the disciplined mind, the capacity for accurate study and strong exposition, the loyalty

which comes of temperament and training,—these the schoolmaster generally has in a pre-eminent degree. When a lawyer makes the common gibe about the schoolmasters' lack of the knowledge of life, he probably means nothing more than ignorance of the Penal Code and sharp practice generally; when he speaks of his unfitness for affairs, he is merely saying something appallingly conventional. It is a puzzle to me why we have not gone into this question with vigour long before. It makes me sad to think that so much that is good and strong should be lost to the world. I sincerely believe that the State would be doing itself a service if it took the trouble to find out and utilize such talent. The initiative will have to be theirs. Few of us can contest an election; few have influence enough to push ourselves forward into notice. The state should look for suitable men among us and by nomination and other encouragements help us to those opportunities for service that we should have in common with other professions. It has always seemed to me a screaming absurdity that we who belong to one of tbe greatest of the world's universities should not have been able to find one of ourselves to represent us in the Madras Legislative Council.

II

There is another aspect of the problem to consider—are we as a profession, as excellent as we might be? I am firmly of opinion that the *personnel* of most schools requires searching change. The recruitment of teachers is at present most haphazard. Often the man who finds he cannot do anything else drifts in unwillingly, or he is working for a place in some other profession and uses the school as a half-way house between the university and a career. Or again, perhaps it is some one who has made up his mind to be a teacher but is physically, mentally or morally unsuited to the work. It should not be a difficult matter to weed out such types. We have a right to expect men who know their own minds and mean what they say. The owner or manager is largely justfied in demanding in addition to high class abilities a contractual arrangement for a number of years. This would effectually prevent strollers and dillettantes from tinkering with children's minds.

While it may be conceded that teachers as a class are quite as good as the members of any other profession in the matter of information and ideas, I believe that a good many of them fall short of the high standard one has a right to expect of a preceptor of youth. Their reading is often quite insufficient; their notions of outside things hazy; their knowledge of their own particular subjects inaccurate. What shall we say of a man who in his fear of seeming to be at a loss avers things he does not know and has not verified, and so passes on wild plunging images of ignorance into the child's receptive mind? The man who has no regard for facts should never be a teacher; he who cannot detect and explain the law which connects those facts will never be a great teacher. I have known lecturers in

English who knew nothing of Peter Pan and his maker, or had to do Rupert Brooke and could say nothing of him beyond what a Madrasi annotator, himself ignorant, had contrived by disastrous guesses to state. One explained King Arthur as saying to Sir Bedivere (apropos of Excalibur) that the knight wished to "profit by the sale proceeds of the sword"! It is easy to multiply such instances. Among High School teachers things are much worse. I have known many who did not know the meaning of words, and habitually misused such expressions as *songster, several, mother country, due to* etc., One gentleman could not explain "*Shot and shell*"; another did not know the difference between a rifle and a revolver; and yet another, largely daring, told his boys that the aero-plane in flight "flaps its wings like a bird." It would interest teachers to know that there are always boys who take the trouble to collect the 'howlers" which fall from schoolmaster's lips. Why should we make ourselves ridiculous when we may easily avoid doing so?

When a man makes up his mind to be a schoolmaster and attaches himself to some good well-standing institution, he should undergo a rigorous course of special study in the subjects he intends to do, and should industriously collect and store up all the general knowledge he can get hold of. He should be able to face a searching examination in both these departments. What good can a course at the Training college do to an ignorant man? He should have something to teach before he is taught how to teach. I have always thought that the L. T. course should be restricted to those who have undergone the special studies I have mentioned and can pass a stiff preliminary examination in them. It is absurd that while other careers insist on long terms of special preparation, the freelance still largely dominates teaching and journalism. Let us make ourselves admirable,—for so we shall win the confidence of the child and help him to be admirable likewise.

The teacher should be something of a knight-errant, and no mere hack. He should try and achieve the ascetic purity and unwavering chivalry of idealism which characterise the true knight. He should be high-souled and something of a stoic, and should have physical no less than moral prowess. The teacher who is not athletic is always incomplete, in so far as he lacks what appeals most directly to youth. I would go further and say that the element of personal appearance is of great importance. Every teacher should in his own interest as well as that of his boys make himself as personable as he can. If through carelessness or defiance or affectation he lets himself be untidy or odd or repulsive he would be setting a pernicious example, in addition to the fact that he would be giving away his own impressiveness to some extent. The man who is unclean or slipshod may himself be harmless, but should have no place in the company of youth any more than the wine-bibber, the loose talker or loose liver. The man who is peevish or

gloomy or pessimistic is a positive danger as his influence may permanently warp a fresh up-springing mind. Yet another type, the pseudo-vedic (if I may so name it) is enormously popular at present. These men teach the budding flower the duty of withering away. They call the bright-faced lad from his play and tell him about sacrifice and renunciation and other things that puzzle him and unfit him for life. They perpetuate, for their own glory, all the hypocrisy and cant which cloud Indian life. The teacher should be none of these. He should be a man, clean and wholesome, and should teach his boys also to be men, unashamed of the life God has given them though profoundly wishful of making it better than it is. And the pity, the infinite pity of it all is—there is so much to do for the tortured life of India!—an endless gamut of tasks ranging from washing babies to ruling an empire! There is much to learn, and much more to forget. There is much to sweep away social injustice, and vile customs and the age-old superstitions that perpetuate them. Our religion has much to answer for,—it is under its sanctions that much of all this evil exists. It creates a curious duality in our minds, which is partly confusion and partly dishonesty. We often find men of the most advanced views on general matters bigoted on the ridiculous minutiae of ritual. We find men professing the broadest democratic principles actively opposing social change and compromise. We find, too, men who preach the highest principles of Vedantic ethics condoning vile indefensible things) in our life. What ingnuity they show in raking up and citing for their own purpose, old forgotten texts meant for the simpler conditions of another age! I have always been puzzled by the juxtaposition of democracy and the doctrine of Karma in present beliefs And when I hear one of our publicists whose political opinions are almost communistic talk of reviving ancient Hindu society and religion, I suspect he is talking conventionaliy to please the multitude. One part of him must be hypocritical. I cannot understand how in these luminous days we can want to get once again into primitive conditions. The work we have to do is an enormous cleaning out. To confuse the issue by unsound thinking or malevolent bigotry is perilously to delay that task. The world's work is always a matter of blood and sweat;—hymn-chanting, and procession-making are sensational things which lead nowhere. This century has not much use for cranks, faddists, or separatist fanatics; it will want men who are honest and fearless and sane and true. Let us prepare such men.

(With acknowledgments to the Cochin Teachers' Magazine).

# കാളിന്ദി.

ഞാൻ ബി. എ. പരീക്ഷയിൽ ജയിച്ചു ഉദ്യോഗത്തിൽ പ്രവേശിച്ചിട്ടു നാലു സംവത്സരം കഴിഞ്ഞു. ഇപ്രകാരം ഒരു പദവിയെ പ്രാപിച്ച എല്ലാ ഉദ്യോഗസ്ഥന്മാരെയും ബാധിക്കുന്ന ശല്യം എന്നെയും ഒഴിച്ചു വിട്ടില്ല. കഴിഞ്ഞ നാലു കൊല്ലമായി എനിക്കു ഒരെ വിഷയത്തെപ്പറ്റി പ്രതിപാദിക്കുന്ന നാലായിരം എഴുത്തുകളല്ല നാലു ദിക്കിൽനിന്നും വന്നിട്ടുള്ളതു്. ഇതുകളെല്ലാം എന്നെ വിവാഹത്തിന്നു പ്രേരിപ്പിക്കുന്ന ലേഖനങ്ങളാണ്. പത്രങ്ങൾക്കു പുറമെ, മുഖതാവിൽ കണ്ടു സംസാരിക്കുന്നതു കുറച്ചധികം നന്നെന്നു വിചാരിക്കുന്നവരുടെ ദൂതന്മാരും എന്റെ അടുത്തു വന്നിട്ടില്ലെന്നില്ല. കുട്ടിയായിരിക്കുന്ന കാലത്തു ഒരു നല്ലവാക്കുകൂടി പറയാത്ത അമ്മായിമാരുടെ വേഷപ്പകച്ച് കേമംതന്നെ. മാതുലന്മാർക്കും ദിനംപ്രതി എന്നിൽ പ്രതിപത്തി കൂടിക്കൂടിവരുന്നു. സ്വജനങ്ങളുടെ വീട്ടിൽ ഞാനില്ലാതെ അടിയന്തരങ്ങൾ നടക്കില്ലെന്ന ദിക്കായി. ചുരുക്കിപ്പറയുന്നതായാൽ എന്റെ നന്മയെ ഇച്ഛിക്കാത്തവരും, എന്നെ സ്നേഹിക്കാത്തവരും ബന്ധുക്കളിലും, അടുത്തുള്ളവരിലും ഇല്ല തന്നെ.

കഴിഞ്ഞ കന്നിമാസത്തിൽ എന്നെ പ്രവൃത്തിസംബന്ധമായി പാലക്കാട്ടേക്കു മാററി. ഞാൻ അവിടെ ചെന്നു പ്രവൃത്തിയിൽ ഏർപ്പെട്ടു നാലുദിവസം കഴിഞ്ഞപ്പോൾ, ഒരു ദിവസം രാവിലെ അച്ഛന്റെ എഴുത്തുംകൊണ്ടു ഒരാൾ എന്റെ അടുക്കൽവന്നു. ഞാനയാളോടു "വിശേഷിച്ചൊന്നുമില്ലല്ലൊ?" എന്നു ചോദിച്ചുകൊണ്ടു ലക്കോട്ടു പൊളിച്ചു, എഴുത്തൊന്നു വായിപ്പാൻ തുടങ്ങി. അതിന്നുശേഷം ഞാനയാളോടു, വീട്ടിലെ ഓരോ വർത്തമാനവും ചോദിച്ചറിഞ്ഞ്, ഒരു ദിക്കിൽ പോയിരുന്നുകൊള്ളുവാൻ പറഞ്ഞു. വാലിയക്കാരനെ വിളിച്ചു അയാൾക്കു വേണ്ടതെല്ലാം അന്വേഷിച്ചു കൊടുക്കേണമെന്നു കല്പിച്ചു ഞാൻ അടുത്തുണ്ടായിരുന്ന ഒരു കസേലയിലിരുന്നു ആ പത്രത്തെ ഒന്നുകൂടി വായിച്ചു. അതിലെ താല്പര്യമെന്തെന്നാൽ, എന്റെ വിവാഹദിവസം നിശ്ചയിച്ചു കഴിഞ്ഞിരിക്കുന്നുവെന്നും അതിന്നു ഞാൻ യാതൊരു മുടക്കവും പറയരുതെന്നും ആയിരുന്നു. ഈ പത്രം എന്നെ കഴിഞ്ഞുപോയ പല കാര്യങ്ങളേയും പററി ആലോചിപ്പാൻ പ്രേരിതനാക്കി. കഴിഞ്ഞുപോയ കാര്യങ്ങളെ ഓർക്കുമ്പോൾ മനസ്സിന്നുണ്ടാകുന്ന സുഖവും, ഭാവിയെ അറിവാനുള്ള അത്യാഗ്രഹവും മനുഷ്യപ്രകൃതിയാണല്ലൊ. അതുകൊണ്ടു എന്റെ അപ്പോഴത്തെ സ്ഥിതിയിൽ ഏവനും അസാധാരണത്വം കല്പിക്കയില്ല. കുറച്ചു കഴിഞ്ഞപ്പോൾ എന്റെ കയ്യിലുണ്ടായിരുന്ന എഴുത്തു, ഉറക്കം തൂക്കുന്നവന്റെ കയ്യിലുള്ള സാധനത്തെപ്പോ

ലെ പിട്ടത്തത്തിൽനിന്നു വിട്ടു നിലത്തുവീണു. ചിന്തയിൽ ലയിച്ചിരുന്നതിനാൽ അടുത്തുണ്ടായിരുന്ന ഒന്നിലും എന്റെ കണ്ണു പതിഞ്ഞിരുന്നില്ല. കല്ലിൽ കൊത്തിയ രൂപം പോലെ ഞാൻ ആ കസേലമേൽ കണ്ണും തുറിച്ചിരിക്കുന്നതു കണ്ടാൽ, നിരത്തിന്മേൽ കൂടി പോകുന്ന അപരിചിതന്മാർക്കു ഞാനൊരു ഭ്രാന്തനാണെന്നു തോന്നാതിരുന്നാലത്ഭുതമെന്നെ പറയേണ്ടു.

ഏതാണ്ടൊരുമണിക്കൂർ കഴിഞ്ഞപ്പോൾ ഒരു ദീനസ്വരം എന്റെ ആലോചനക്കു വിഘ്നമുണ്ടാക്കി. ചിന്തയാകുന്ന കാട്ടിൽനിന്നു പുറത്തു ചാടിയ ഞാൻ കുററിക്കാട്ടിൽനിന്നു വെളിവിൽ പുറപ്പെട്ട മുയലിനെപ്പോലെ സംഭ്രമമാനസനായി മിഴികളെ നാലുപാടും പെട്ടന്നു ചലിപ്പിച്ചു.

അല്പം ദൂരയായി എന്നെത്തന്നെ ഏകലക്ഷ്യമായി നോക്കിക്കൊണ്ടിരിക്കുന്ന ഒരു സ്വരൂപത്തെ ഞാൻ കണ്ടു. പെട്ടെന്നുണ്ടായ നോട്ടത്തിൽ മതിയായ വിശ്വാസം പോരാത്ത എനിക്കു, ഞാൻ സ്വപ്നം കാണുകയാണെന്നു തോന്നി. എങ്കിലും സംശയഗ്രസ്തന്റെ അവസ്ഥയെ വിട്ടു സൂക്ഷ്മതത്വത്തെ ഗ്രഹിക്കേണമെന്ന ബോധജ്ഞനെപ്പോലെ, ഞാൻ ആ രൂപത്തെ ആപാദചൂഡമൊന്നുകൂടി നോക്കി.

മദ്ധ്യാഹ്നസൂര്യന്റെ അസഹനീയമായ രശ്മിയേററു വാടുന്ന മലരെന്നപോലെ ആ സ്വരൂപത്തിന്റെ മുഖം എന്റെ നോട്ടത്തിൽ തൽസമയം താണുപോയി. എന്റെ മനസ്സിലും പറവാൻ കഴിയാത്ത ഒരു വികാരം വന്നുദിച്ചു. പലതും ചോദിപ്പാനായി മനസ്സു മുതിന്നുവെങ്കിലും മിണ്ടുവാനായി വായ അനുവദിച്ചില്ല.

മാന്ദ്യസ്ഥിതിയിലിരിക്കുന്ന ഞാൻ ഉരിയാടുകയില്ലെന്നോർത്തിട്ടോ, അല്ല എന്റെ പരിഭ്രമസ്ഥിതിയെ പാർത്തിട്ടോ, ആ രൂപം ഇററിററുവീഴുന്ന കണ്ണുനീരോടുകൂടി, അതിയായ ശോകത്തെ മനസ്സിലടക്കിക്കൊണ്ടു, ശിലയുമലിയുന്ന ദൈന്യസ്വരത്തിൽ എന്നോടിപ്രകാരം പറഞ്ഞു.

"എന്നെ തിരിച്ചറിവാൻ കഴിയാത്തതുകൊണ്ടു ഞാൻ പറഞ്ഞറിയിക്കാതെ നിവൃത്തിയില്ലല്ലൊ. ആറുവൎഷംമുമ്പു പിതാവൊന്നിച്ചു ഇവിടെ പാൎത്തു പഠിക്കുന്ന കാലത്തു ഞാനെന്റെ മാതാപിതാക്കന്മാരൊത്തു ആ വീട്ടിന്റെ മുൻപിൽത്തന്നെയായിരുന്നു വസിച്ചിരുന്നത്. ഈ കൊല്ലങ്ങൾക്കുള്ളിൽ ഉണ്ടായ മാററമാകുന്നു എന്നിലിപ്പോൾ കാണുന്നതു്. ദൈവത്തിന്റെ മതം മനുഷ്യനാൽ മാററാൻ കഴിയാത്തതാണല്ലൊ.

ഇത്രയും പറഞ്ഞു അവൾ ഒരു കുട്ടിയെപ്പോലെ പൊട്ടിക്കരഞ്ഞുപോയി. അവളുടെ ഓരോ വാക്കുകളും എന്റെ ഹൃദയത്തിൽ വിശിഖബാണങ്ങളെപ്പോലെ വന്നു തറച്ചു.

ഞങ്ങൾ തമ്മിൽക്കഴിഞ്ഞ ഓരോ കാൎയ്യങ്ങൾ പുതുമഴ പെയ്യുമ്പോൾ പാററ പൊങ്ങുന്നപോലെ, അവൾ കരയുമ്പോൾ ഇരുട്ടായിരുന്ന മറവിയിൽനിന്നു പൊന്തി വെളിച്ചമാകുന്ന സ്മരണയുടെ പുറവും പാറി നടന്നു. ഞാൻ പഠിക്കുന്നകാലത്തു സ്കൂളിലേക്കു പോകുമ്പോൾ നിരത്തിന്മേൽ വെച്ചു ഞങ്ങൾ തമ്മിൽ കാണുകപതിവായിരുന്നു. ആദ്യകാലത്തു അപരിചിതന്മാരുടെ നോട്ടവും ദിനംപ്രതി സിദ്ധിച്ച പരിചിതനില ഞാനെങ്ങിനെ മറക്കും? വൈകുന്നേരം ഓരോ കഥാപുസ്തകം വായിച്ചു ഞാൻ വീട്ടിന്റെ ഉമ്മറത്തിരിക്കുംപോൾ, അവൾ തന്റെ മുററത്തുള്ള ഉദ്യാനത്തിൽ ഏകാകിനിയായി ലാത്തുന്നതും ഈശ്വരാ! എനിക്കു ഇന്നലെയെന്നപോലെതോന്നുന്നു. വിവിധവൎണ്ണങ്ങളിലുള്ള പട്ടുവസ്ത്രങ്ങളേയും, വിലപിടിച്ച ആഭരണങ്ങളേയും ധരിച്ച അവളുടെ കളേബരവും, സുഗന്ധദ്രവ്യങ്ങളെ പുരട്ടി, ചിക്കിമിനുക്കിയ അവളുടെ അന്നേത്തെ കേശപാശവും, എന്നെ നോക്കി മന്ദസ്മിതം ചെയ്തിരുന്ന മനോഹരവദനവും, ഒരു ചിത്രംപോലെ എന്റെ മനസ്സിൽ കാണുന്നു.

എന്നാൽ അന്നത്തെ ആഡംബരങ്ങളൊന്നും ഇന്നിവളിൽ കാണുന്നില്ല. ഈ ഇടിച്ചൽ, തന്നെയായിരിക്കാം ഇവളെ നേരിട്ട കഷ്ടത. പിന്നീടു അവളുടെ സ്ഥിതിയെ ചോദിച്ചറിഞ്ഞപ്പോൾ ഞാൻ ഊഹിച്ചതു ശരിതന്നെയായിരുന്നു. അവളുടെ അച്ഛൻ ഒരു കച്ചവടക്കാരനായിരുന്നു. കച്ചവടത്തിൽ പങ്കുകാരനായിരുന്ന അവളുടെ മകനെ കല്യാണം കഴിപ്പാൻ അവളോടാലോചിക്കാതെ അച്ഛൻ തീൎച്ചപ്പെടുത്തുകയും പിന്നെ അവളുടെ വിസമ്മതത്താൽ അതു നടക്കാതെ പോകയും ചെയ്തു. മാനിയായ തന്റെ കൂട്ടുകാരനു ഈ പ്രവൃത്തി രസിക്കാത്തതിനാൽ അവർ തമ്മിൽ ഛിദ്രിച്ചു. അതുകൊണ്ടു ഇവളുടെ അച്ഛനു അമിതമായ നഷ്ടം വന്നു ഐശ്വൎയ്യമെല്ലാം ക്ഷയിച്ചു. അവളുടെ വ്യസനത്തോടുകൂടിയുള്ള ഗൽഗദാക്ഷരങ്ങളിൽനിന്നു എനിക്കു ഇത്രമാത്രമെ ഗ്രഹിക്കാൻ കഴിഞ്ഞുള്ളു. ഈ വാക്കുകൾ കേട്ടപ്പോൾ എന്റെ മനസ്സിൽ ഇപ്രകാരം തോന്നി. ധനത്തേയൊ പദവിയേയൊ, പൂൎവ്വബന്ധമൊ ഓൎത്തിട്ടു തങ്ങളുടെ പുത്രിമാരെ, അവരുടെ സമ്മതത്തെ ലേശം വകവെക്കാതെ മാതാപിതാക്കന്മാരുടെ ഇഷ്ടംപോലെ വിവാഹംകഴിപ്പിക്കുന്നതു്അവരുടെ ക്ഷേമത്തിന്നു പകരംഎന്നെന്നേക്കുംഉള്ള ദുഃഖത്തെയല്ലെഉണ്ടാക്കിത്തീൎക്കുന്നതു. ഒരു സ്ത്രീക്കനുരൂപനായ വരനെഅവൾ തിരഞ്ഞെടുക്കുന്നതിനെക്കാൾ മററാരെങ്കിലുംതിരഞ്ഞെടുത്താലവളുടെ ഇച്ഛാനുസരണമാവുമൊ? ചില്ലറ സംഗതിയെ ആലോചിച്ചുനോക്കുക. ഒരുവന്നു കുപ്പായത്തിന്നു ഇഷ്ടംപോലെയുള്ള ശീല വേണമെങ്കിൽ അതിന്നു അവൻതന്നെ പോകുകയൊ അല്ല അന്യനൊരുത്തനെ അയക്കുകയൊ നല്ലതു? നിസ്സാരമായിരിക്കുന്ന ഈ സംഗതികളിൽ അവനവൻ പോയി പ്രവൎത്തിച്ചാലെ ഉചിതമായ്വരുകയുള്ളു. എങ്കിൽ, തന്റെ ജന്മം മുഴുവൻ ഒത്തൊരുമിച്ചു വാഴേണ്ട സഹജീവിയെ താൻതന്നേ തിരഞ്ഞെടുക്കേണ്ടതത്യാവശ്യമല്ലെ!! തമ്മിൽ

ചേരാത്ത ദമ്പതിമാരുടെ ജീവിതത്തിൽ സുഖം എന്തു? പണ്ടുണ്ടായിരുന്ന സ്വയംവരം ഗാന്ധർവ്വവിവാഹം എന്നിവയുടെ ഉദ്ദേശം എന്തായിരുന്നുവെന്ന ഇന്നത്തെ ജനങ്ങൾ ഓക്കുന്നുണ്ടോ?

സ്ത്രീകൾക്കു ഈ വിഷയത്തിൽ സ്വാതന്ത്ര്യമില്ലെന്നിരിക്കട്ടെ. എന്നാൽ പുരുഷന്മാക്കു ഇതിൽ സ്വാതന്ത്ര്യമുണ്ടോ? അച്ഛന്റെ എഴുത്തിൽനിന്നു അതും സ്വേച്ഛയാ പ്രവൎത്തിക്കരുതെന്നല്ലെ വരുന്നതു്. ഇഹലോകത്തിലെ ദൈവമെന്ന പിതാവിനെ ലംഘിച്ചെങ്ങിനെ നടക്കും? അച്ഛൻ എന്റെ നന്മക്കുവേണ്ടിയാണ് പ്രവൎത്തിച്ചതെങ്കിലും, ആ നന്മ, ഇവിടെ തിന്മയായിട്ടാകുന്നു അവസാനിച്ചതു്. ആറു കൊല്ലം മുമ്പുതന്നെ മനസാ വരിച്ചിരിക്കുന്ന എന്റെ പ്രേമഭാജനത്തെ വിട്ടു, അന്യരിൽ എന്റെ മനസ്സു പതിക്കുവാൻ പ്രയാസംതന്നെ. പുറമെക്കു പറവാൻ ലജ്ജ അവളെ സമ്മതിക്കുന്നില്ലെങ്കിലും, എനിക്കുവേണ്ടിയാകുന്നു അവളിപ്പോൾ അനുഭവിക്കുന്ന കഷ്ടതകളെല്ലാം. ഇവളോടു കിടപിടിക്കുവാൻ ദമയന്തിയെ മാത്രമെ ഞാൻ കാണുന്നുള്ളൂ.

അച്ഛന്റെ കല്പനയെ ധിക്കരിച്ചു ഇവളെ കല്യാണം കഴിക്കുന്നതായാൽ "തെമ്മാടി" എന്ന പേരിന്നു ഞാനർഹനാകാതിരിക്കുമോ? പക്ഷേ തന്നെ കാമിച്ച നാരിയെ പരിത്യജിക്കുന്നവൻ പാപിയാണെന്നല്ലെ ഭാരതത്തിൽ പറഞ്ഞിരിക്കുന്നതു്. കചനെ മാതൃകാപുരുഷനാക്കി അനുകരിച്ചാൽ പാശ്ചാത്താപം എന്നെ വിട്ടുപിരിയുകയില്ല. ജനങ്ങൾ എന്റെ കൃത്യത്തെപ്പററി അപവാദം പരത്തുമായിരിക്കാം. ജനാപവാദത്തെ ഭയപ്പെട്ടു കാൎയ്യവിഘ്നം വരുത്തുന്നവൻ വിഡ്ഢിതന്നെ. സകലരേയും പ്രസാദിപ്പിക്കാൻ മനുഷ്യനാൽ അസാദ്ധ്യം. അതുകൊണ്ടു അവനവൻ തന്നെ ആലോചിച്ചു പ്രവൎത്തിക്കുന്നതാകുന്നു ഉത്തമം."

ഞാൻ എന്റെ ആലോചനകളെ നിൎത്തി, ഉടനെ ഒരു കഷണം കടലാസ്സെടുത്തു അച്ഛന്റെ എഴുത്തിന്നു ഇപ്രകാരം മറുപടി എഴുതി.

ശ്രീ.

എഴുത്തു കിട്ടി, വിവരമെല്ലാം അറിഞ്ഞു. എന്നോടൊന്നും പറയാതെ ഇങ്ങിനെ വിവാഹം നിശ്ചയം ചെയ്തതു അച്ഛന്നു എന്നിലുള്ള അധികവിശ്വാസം കൊണ്ടായിരിക്കാം. എന്നാൽ എനിക്കു ഒരപേക്ഷയുണ്ടു്. ഞാൻ വളരെക്കാലമായി മനസാ വരിച്ചിരിക്കുന്ന ദേവദാസന്റെ മകളെ കല്യാണം കഴിക്കേണമെന്നാകുന്നു എന്റെ ഇഷ്ടം; പക്ഷേ അച്ഛന്റെ ഇഷ്ടം പോലെ പ്രവൎത്തിക്കേണമെന്നു ശാസിക്കുന്നപക്ഷം അപ്രകാരം ചെയ്യതന്നെ. നിശ്ചയിച്ച ദിവസം മാററേണമെന്നില്ല. ഞാൻ മറുവടിക്കു കാക്കുന്നു. എന്നു സ്വന്തം അപ്പു."

ഈ മറുവടിയും കൊടുത്തു വന്ന ആളെ ഞാൻ പിറേറത്തെ വണ്ടിക്കുതന്നെ അയച്ചു. പിന്നെ ഞാൻ അവളെ പലതും പറഞ്ഞാശ്വസിപ്പിക്കാൻ ശ്രമിച്ചു. എ

ൻെറ ഉദ്യമം അദ്യത്തിൽ ഫലിച്ചില്ല. അതുകൊണ്ടു ഞാൻ എൻെറ പരിശ്രമത്തിൽ-നിന്നു പിൻമാറിയില്ല. കാരണം എന്തുസങ്കടങ്ങളും ഉള്ളിൽ ഒതുക്കി അമക്കാൻ ശക്തിയുള്ള ധീരചിത്തന്മാൎക്കുകൂടി തങ്ങളുടെ ആപ്തമിത്രങ്ങളെ കാണുമ്പോൾ അ അവരുടെ വ്യസനമാകുന്ന ചുമടിറക്കുവാനുള്ള അത്താണിയതാണെന്നു തോന്നാറുണ്ടെന്നു, എനിക്കു അറിവുള്ളതാകുന്നു. പ്രാണസ്നേഹിതൻ എത്രത്തോളം ആശ്വാസം നൽകുന്നുവോ, അത്രത്തോളം മററവൻ തൻെറ ദൈന്യതയെ വെളിപ്പെടുത്തും. ഒടുവിൽ എൻെറ പ്രയത്നം സഫലീകരിച്ചു ഞങ്ങൾ തമ്മിൽ അവവധി പഴമകൾ പറഞ്ഞശേഷം അവൾ എന്നോടു യാത്രപറഞ്ഞു.

മേൽപറഞ്ഞ സംഭവം കഴിഞ്ഞിട്ടു ദിവസം രണ്ടായി. അച്ഛൻെറ എഴുത്തൊന്നും കാണുന്നില്ല. എൻെറ മനസ്സിൽ ആധിമുഴുത്തു വ്യാധിയായിത്തീൎന്നു തുടങ്ങി. ആലോചനയിലല്ലാതെ മററെല്ലാററിലും തൃഷ്ണകുറഞ്ഞുവന്നു. അന്നു രാത്രി ഞാൻ ചെന്നു കിടന്നു, ഉറക്കം പിടിച്ചപ്പോൾ എൻെറ പടിക്കൽ ആരോ വന്നു വിളിക്കുന്നതുകേട്ടു; ഞാൻ വിളക്കു കൊളുത്തി. ഭൃത്യനെ വിളിച്ചു. ആരാണു വന്നതെന്നറിവാൻ കല്പിച്ചു. അവൻെറ കൂടെ എൻെറ മുമ്പിൽ പ്രവേശിച്ചതു മററാരുമല്ല, എൻെറ അച്ഛൻതന്നെ. അച്ഛനെ കണ്ടമാത്രയിൽ എനിക്കൊരു സന്തോഷവും ഭയവുമാണ് തോന്നിയതു്. ഊണു ക്ഷണത്തിൽ തെയ്യാറാക്കി. ഊണ് കഴിഞ്ഞശേഷം ഞങ്ങൾ മുകളിൽ പോയി സംസാരിച്ചു എൻെറ പരിഭ്രമാവസ്ഥയെ കണ്ടറിഞ്ഞ പിതാവു, എന്നെ സന്തോഷിപ്പിക്കാനായി ഇങ്ങിനെ പറഞ്ഞു. "നിൻെറ ഗുണത്തെ കാംക്ഷിച്ചാകുന്നു ഞാനിങ്ങിനെ പ്രവൎത്തിച്ചതു. പക്ഷെ നിണക്കതു വേണ്ടെന്നാണെങ്കിൽ ഇഷ്ടംപോലെ ചെയ്യുന്നതിൽ എനിക്കു എത്രയും സന്തോഷം. ദേവദാസനും ഞാനും തമ്മിൽ വലിയ സ്നേഹിതന്മാരാകുന്നു. അദ്ദേഹം തൻെറ ഇപ്പോഴത്തെ നിസ്സഹായാവസ്ഥയെ ഓൎത്തിട്ടാകുന്നു എന്നോടീ ബന്ധത്തിന്നാവശ്യപ്പെടാത്തതു. ഞാൻ നാളെത്തന്നെ അദ്ദേഹത്തെ കണ്ടു കാൎയ്യമെല്ലാം നിൻെറ ആഗ്രഹംപോലെ നിവൃത്തിയാക്കാം". ഇത്രയും കേട്ടമാത്രയിൽ എനിക്കുണ്ടായ സന്തോഷം ഇന്നുള്ള ജീവികളിൽ ആൎക്കെങ്കിലും ഉണ്ടാകുമെന്നു എനിക്കു തോന്നുന്നില്ല. അന്നു ഞങ്ങൾ പല വൎത്തമാനവും പറഞ്ഞു കിടന്നുറങ്ങി.

ഭൂമി ഉണ്ടായ മുതൽക്കു ഇന്നെവരെ തൻെറ പ്രവൃത്തിയിൽ വിഘ്നം വരുത്താത്ത ആദിത്യദേവൻ കിഴിക്കുനിന്നുദിച്ചു ഒരു നാഴിക പൊന്തിയതിന്നു ശേഷമെ ഞാൻ കണ്ണുമിഴിച്ചുള്ളൂ. അടുത്തു നോക്കിയപ്പൊൾ അച്ഛൻ എഴുനീററിരിക്കുന്നതായി ഞാൻ കണ്ടു.

ദിനകൃത്യം കഴിച്ചു ചായയും കുടിച്ചശേഷം അച്ഛൻ ദേവദാസനെ കാണുവാൻ പോയി. അച്ഛൻ വരുന്നവരെ വൎത്തമാനക്കടലാസ്സും വായിച്ചു ഞാൻ ഉമ്മറ

ത്തു തന്നെ ഇരുന്നു. രണ്ടുമണിക്കൂർ കഴിഞ്ഞപ്പോൾ അച്ഛൻ മടങ്ങിവന്നു. ആ മാസം 28-ാംനു- ഞായറാഴ്ചയാണ് എന്റെ വിവാഹം എന്നെന്നോടു പറഞ്ഞു.

പിറെറദിവസം തന്നെ ഞാൻ എന്റെ സ്നേഹിതന്മാർക്കെല്ലാവർക്കും ക്ഷണക്കത്തെഴുതിത്തുടങ്ങി

ഞാൻ ഓരോ ദിവസവും എണ്ണിക്കഴിച്ചു. അന്നത്തെ ദിവസം, ഒടുവിൽ വന്നണഞ്ഞു.

അന്നു ഞാൻ സൂര്യനെ തോല്പിച്ചു.

പുലച്ചക്കു തന്നെ എഴുന്നേററു ഭൃത്യന്മാർക്കെല്ലാം പ്രവൃത്തി തിരിച്ചുകൊടുത്തു; വരുന്ന സ്നേഹിതന്മാരെ സ്വീകരിക്കുവാനുള്ള ഏർപ്പാടുകളെല്ലാം ചെയ്തു. ദൂരദിക്കിലുള്ള ആപ്തമിത്രങ്ങളെല്ലാം രാവിലത്തെ വണ്ടിക്കുതന്നെ എത്തിച്ചേർന്നു; പിന്നേ വന്നവരെ ആദരിക്കുവാനുള്ള പ്രയത്നങ്ങളിൽ അവർ എന്നെ സഹായിച്ചു. നേരം ഉച്ചതിരിഞ്ഞു വൈകുന്നേരമായി. കളിക്കേണ്ടവരെല്ലാം കളി കഴിഞ്ഞു വന്ന ശേഷം ഞങ്ങൾ ചായ കഴിപ്പാൻ ഇരുന്നു. ചായ കഴിഞ്ഞു. ദേവദാസന്റെ വീടു അടുത്തായിരുന്നതുകൊണ്ടും, വിവാഹത്തിന്റെ മുഹൂർത്തം രാത്രി പത്തുമണിക്കായിരുന്നതുകൊണ്ടും ഞങ്ങൾ രാത്രിയുടെ വരവും പാർത്തു ഓരൊ വർത്തമാനം പറഞ്ഞു അവിടെ ഇരുന്നു. ഒടുവിൽ,

"താരാഹാര മലങ്കരിച്ചുതിമിരപ്പൂ
ഞ്ചായൽ പിന്നോക്കമി
ട്ടാരാകേന്ദുമുഖത്തിൽനിന്നു കിരണ
സ്മേരംചൊരിഞ്ഞങ്ങിനെ
ആരോമൽക്കനകാബ്ജ കോരകകുചം
തുള്ളിച്ചൊരാമോദമോ
ടാരാലംഗനയെന്നപോലെ നിശയും
വന്നാളതന്നാളഹോ".

ഞാനും സ്നേഹിതന്മാരും പുറപ്പെട്ടിറങ്ങി, വലിയ ആഘോഷത്തോടുകൂടി ദേവദാസന്റെ ഭവനത്തിൽ ചെന്നുകയറി. മുഹൂർത്തസമയത്തിന്നു കുറച്ചിടയുണ്ടായതിനാൽ ഞങ്ങൾ അവിടെയുണ്ടായിരുന്ന ഓരോ വിനോദങ്ങളിൽ രസിച്ചുകൊണ്ടിരുന്നു. മുഹൂർത്തം വന്നണഞ്ഞു. ഞാനും സ്നേഹിതന്മാരും കല്യാണപ്പന്തലിൽ ചെന്നെത്തി. കുറച്ചു കഴിഞ്ഞപ്പോൾ കാളിന്ദിയും സഖികളും വന്നുചേർന്നു. ഞങ്ങളുടെ മനംപോലെ വിവാഹവും കഴിഞ്ഞു.

വി. യം. ഗോവിന്ദമേനോൻ, (വിദ്യാർത്ഥി)

# Our Competition Page.

In the 'Expanding Words' Competition, only 4 students sent me lists of words. One of them apparently has not understood what was meant and simply wrote out 13 words containing the letter 'G', the second word being of 2 letters, the third of 3 letters and so on. Of the remaining three, S. Krishna Iyer of the Junior Intermediate class has given as many as 9 expansions of which "G-Go—Got—Gout—Tough—Though—Through—Thorough" seems to be the best. P. S Narayanan of the Sixth Form went as far as 'Thorough' quite all right, but after this he introduced a word 'Thor—tough' which is not found in dictionaries and then proceeded to 'Throughout'. K. Kunhi Krishna Menon of the Junior Intermediate Class went wrong in the last word which he introduced, his list being

"G—Go—Log—Long—Along—Gallon—Galleon—Longeval—Longleave."

If he had stopped at 'Longeval', the list would have been quite a good one Evidently he took 'Longleave' to be one word. The prize goes to S. Krishna Iyer but I intend giving consolation prizes to K. Kunhikrishna Menon and P. S. Narayanan.

## AMUSING PROBLEM.

The following problem—'*Amusing Problem*' it is called by its author—has been sent to me by Mr. K.V. Vasudeva Iyer, Secretary, Calicut Municipal Teachers' Union, for insertion in this magazine:—

" If 1 is added to 24, the result becomes a square and if 1 is added to twice 24, the result becomes another square Find 6 numbers like 24."

He offers to give a prize to the sender of the first correct solution examined by me. The competition is, as usual, open only to the present students of the college who purchase copies of this issue of the Magazine. The solutions may be sent in covers addressed to me.

A. V. K. Krishna Menon.

# ഭാഷാന്തരപംക്തി.

മൂലശ്ലോകം.

അഹോ ദുൎജ്ജനസംസൎഗ്ഗാ-
ന്മാനഹാനിഃ പദേപദേ
പാവകോലോഹസംഗേന
മുദ്ഗരൈരഭിഹന്യതെ.

തൎജ്ജിമകൾ.

1. ദുഷ്ടസംഗത്തിനാലുണ്ടാം
മാനഭംഗമടിക്കടി
തീയിരുമ്പോടുചേരുമ്പോൾ
കൂടം കൊണ്ടടിയേല്പതെ.

കെ. സി. കുട്ട്യപ്പനമ്പ്യാര്.

2. ദുഷ്ടമൈത്രിയഹോമാനം
നഷ്ടമാക്കുമടിക്കടി;
കിട്ടുന്നു താഡനം വഹ്നി-
ക്കൊട്ടയസ്സംഗമൂലമായ്.

കെ. എ. ഐ. തിരുമുല്പാട്.

3. ന്യൂനം ഖലജനാസംഗം
മാനഭംഗംവരുത്തിടും
പാവകൻ തല്ലുകൊള്ളുന്നു
ലോഹസംസൎഗ്ഗമൂലമായ്

കെ. എം. ജനാർദ്ദനൻ തിരുമുൽപ്പാട്, (വിദ്യാൎത്ഥി)

4. ദുഷ്ടരായുള്ളയോഗത്താൽ
മാനക്കേടുളവായിടും
അടികൊള്ളുന്നു തീയ്യേററം
ലോഹമായുള്ള ചേൎച്ചയാൽ

കെ. എം. നാരായണനെഴുത്തച്ഛൻ, (വിദ്യാൎത്ഥി)

5. ദുഷ്ടരോടുള്ള സംസൎഗ്ഗം
മാനഭംഗംവരുത്തിടും
പാവകൻലോഹ സംഗത്താ-
ലടിയേല്ക്കുന്നുമേട്ടിയാൽ.

കെ. ബി. ഉണ്ണികൃഷ്ണമേനോൻ, (വിദ്യാൎത്ഥി)

6. ദുഷ്ടസമ്പക്കമേകുന്നു
മാനനഷ്ടം പലപ്പൊഴും
ലോഹസംസൎഗ്ഗമേറുന്നു
പ്രഹാരം പാവാകുന്നുമേ.

പി. ചാത്തു (വിദ്യാൎത്ഥി)

7. ദുഷ്ടരോടുള്ള സംസൎഗ്ഗം
മാനഹാനി വരുത്തിടും
ഇരുമ്പോടിടചേൎന്നീടിൽ
തീയ്യും പ്രഹരമേററിടും.

എസ്സ്. കൃഷ്ണൻ (വിദ്യാൎത്ഥി.)

8. ന്യൂനമാഖലമനുഷ്യ സംഗമാൽ
മാനഹാനി വരുമേതുമൎത്ത്യനും
ചുററികൊണ്ടരിയ തല്പപാവക-
ന്നേററിടുന്നുബത ലോഹമൈത്രിയാൽ

കെ. എ. മുകുന്ദൻ തിരുമുൽപ്പാട്ട (വിദ്യാൎത്ഥി.)

9. ദുഷ്ടരോടിടപെടുന്നുവെങ്കിലാ
വിഷ്ടമാമരിയ മാനഹാനിയും
ചെററു ലോഹമൊടുചേൎന്നതീയ്യിനും
പററിടുന്നിതടി മുട്ടികൊണ്ടഹോ.

എം. പി. ഗോവിന്ദമേനോൻ, (വിദ്യാൎത്ഥി)

10. അരുതരുതൊരുനാളും ദുൎജ്ജനത്തോടുസഖ്യം
വരുമതുവഴിയായിട്ടേവനും മാനഭംഗം
പരിചിനൊടനലൻതാൻ ലോഹസംയുക്തനായാൽ
ഖരതരമടിയേല്ക്കുന്നില്ലയോ ചുററിയാലേ.

പി. സി. കുട്ടിയനുജൻരാജാ.

ഭാഷാന്തരത്തിന്ന്.

ആസ്സൽഫലംബിഘനനീലശിരൊജഭാരാ
കെയം പ്രതപ്തകനകൊജ്ജ്വലകാന്തിപൂരാ
അന്ധീകരൊതിനയനാനി ശരീരഭാജാം
സന്ധ്യ്യവപുഷ്യവിലസന്നിബിഡാന്ധകാരാ.

പ്രസാധകൻ: പി. സി. അനുജൻരാജാ.

# ചില സാങ്കേതികശബ്ദങ്ങൾ.

(ടി. വി. ആർ. കുറുപ്പ്.)

Advancement-ഉൽഗതി, ഉന്നമനം, പുരോഗതി.

Allies-സഖികൾ; allied powers=സങ്കലിതശക്തികൾ,—രാജ്യങ്ങൾ.

Anarchy-അരാജകത്വം, അനായകത്വം.

Arbitrary-സ്വേച്ഛാനുസാരമായ, നിരങ്കുശമായ.

Archaeology-പുരാണവസ്തുശാസ്ത്രം

Argument-വാദം.

Aristocracy-കുലശ്രേഷ്ഠാധിപത്യം, പ്രഭുതന്ത്രം; കുലീനവർഗ്ഗം.

Arrangement-രചന, സംവിധാനം, ക്രമം.

Autocracy-സ്വേച്ഛാഭരണം.

Autonomy-സ്വയംഭരണാധികാരം,—സ്വാതന്ത്ര്യം.

Boycott-അഭ്യവകർഷണം നിഷ്കാസനം.

Broadcasting-വാർത്താവിനിമയം.

Budget-ആയവ്യയഗണന.

Bureaucracy-അധികൃതഭരണം

Cabinet-മന്ത്രിസഭ, ആലോചനസഭ.

Central Legislature-സാമ്രാജ്യനിയമസഭ.

Ccmmunal representation-വർഗ്ഗീയപ്രാതിനിധ്യം.

Citizenship-പൗരാവകാശം.

Compromise-രാജി, സന്ധി.

Conclusion-നിഗമനം, അഭിപ്രായം, സമാപനം.

Condition-നിശ്ചയം, വ്യവസ്ഥ.

Conference-സമ്മേളനം.

Conservatism-യാഥാസ്ഥിതികത്വം.

Conservatives-യാഥാസ്ഥിതികന്മാർ.

Ccns itution-ഭരണക്രമം, ഭരണപദ്ധതി, ഭരണഘടന.

Constitutional-നിയമാനുസൃതമായ.

Constituency-നിയോജകമണ്ഡലം.

Constructive-സൃഷ്ടിപരമായ, നിർമ്മിതിപരമായ

Contribution-സംഭാവന.

Control-നിയന്ത്രണം.

Council of State-രാഷ്ട്രസഭ.

Declaration-പ്രഖ്യാപനം.

Defence-ബാഹ്യസംരക്ഷണം.

Definition -നിർവ്വചനം.

Democracy-ജനാധിപത്യഭരണം, ജനപ്രതിനിധിഭരണം.

Demccrat ജനാധിപത്യപക്ഷക്കാരൻ.

Democratic-ജനാധിപത്യഭരണസംബന്ധമായ.

Department-കക്ഷ്യ, വകുപ്പ്.

Destructive-സംഹാരപരമായ.

Devolution-സംക്രാമണം.

Direction-ആജ്ഞ, ശാസനം, നിയോഗം.

Disorder-ദുസ്ഥിതി.

Disregard-അവഗണിക്കുക.

Dominion status–പുത്രികാരാജ്യപദവി.
Dyarchy–ദ്വൈരാജ്യം
Economic–സാമ്പത്തികം.
Electorate–വരണാവകാശിഗണം, നിയോജകമണ്ഡലം.
Ethnology–നരവംശവിദ്യ, നരകുലവിവരണം.
Evolution–പരിണാമം.
Excluded areas–പൃഥക്കൃതപ്രദേശങ്ങൾ.
Executive–കാര്യകാരി, കാര്യത്തെ നിർവ്വഹിക്കുന്ന.
Executive Council–കാര്യകാരിസഭ, നിർവ്വാഹകസഭ.
Experience–അനുഭവം, പരിചയം.
Federal Government – സംയുക്തരാജ്യഭരണം, സംയുക്തഭരണക്രമം.
Federal Assembly–സംയുക്തനിയമസഭ.
Federal Units–സംയുക്തരാജ്യഘടകങ്ങൾ, –രാജ്യത്തിൻേറ അംഗങ്ങൾ.
Federation–സംയുക്തരാജ്യം,––ഭരണം.
Finance–മുതലെടുപ്പ്, ധനാഗമം.
Finance Minister–ധനകാര്യമന്ത്രി.
Franchise–സമ്മത്യവകാശം, സമ്മതിദാനാവകാശം.
Free trade–വാണിജ്യസ്വാതന്ത്ര്യം.
Fundamental–മൗലം, മൗലികം.
House of commons–ജനപ്രതിനിധിസഭ; (പ്രജാമന്ത്രസഭ.)
House of Lords–പ്രഭുമന്ത്രസഭ.
Ideal–ആദർശം.
Impediment–തടസ്ഥം, പ്രതിബന്ധം, വിഘാതം.
Imperial preference–സാമ്രാജ്യപക്ഷപാതം.
Inadequacy–അപര്യാപ്തത.
Independents–സ്വതന്ത്രകക്ഷിക്കാർ.
Indianisation of the army–സൈന്യത്തിൻേറ ഭാരതീയതാകരണം.
Inherent–സ്വതസ്സിദ്ധമായ, നൈസർഗ്ഗികമായ.
Influence–സ്വാധീനം, ശക്തി, നിയന്ത്രണം.
Institutions––സ്ഥാപനങ്ങൾ.
Internal–ആഭ്യന്തരമായ.
International–പരസ്പരദേശീയം, രാജ്യങ്ങൾ തമ്മിലുള്ള.
Irrigation–ജലസേകം.
Labourers––തൊഴിലാളികൾ.
Legislative council–നിയമനിർമ്മാണസഭ, നിയമസഭ.
Law and order–നിയമവും സുസ്ഥിതിയും.
League of nations–അഖിലരാഷ്ട്രയോഗം.
Liberal–ഉൽപതിഷ്ണുക്കൾ.
Living organism–ജീവദ്വസ്തു.
Local news–പ്രാദേശികവാർത്തകൾ.
Local self government–പ്രാദേശികസ്വായംഭരണം.
Maintenance–സംരക്ഷണം.
Material ഭൗതികം.
Material objects–മൂർത്തദ്രവ്യങ്ങൾ.
Maladministration–ദുർഭരണം.
Memorial–നിവേദനപത്രം.
Minister–മന്ത്രി.
Minutes–സഭാവൃത്തസംഗ്രഹം.
Moderates–മിതവാദികൾ.

Monarchy-ഏകരാജാധിപത്യം, ഏകരാജശാസന, ഏകരാജതന്ത്രം.

Majority-ഭൂരിപക്ഷം.

Minority-ന്യൂനപക്ഷം, ന്യൂനപക്ഷക്കാർ.

Nation-രാഷ്ട്രം, ജനപദം, ദേശം.

National-സമാനദേശീയം, ഏകദേശീയം.

National Consciousness-സമാനദേശീയതാബോധം.

National education-ദേശീയ വിദ്യാഭ്യാസം.

National spirit-സ്വദേശീയതാബുദ്ധി, സ്വദേശാഭിമാനം.

Negotiation-സന്ധിസംസാരം, സന്ധിഏർപ്പാട്.

News agency-വാർത്താവാഹകന്മാർ.

Nobles-പ്രഭുക്കൾ, കുലീനന്മാർ.

Nobility-ശ്രേഷ്ഠത, വൈശിഷ്ട്യം, ഔൽകൃഷ്ട്യം, മാഹാത്മ്യം, കുലീനത.

No-Confidence motion-അവിശ്വാസപ്രമേയം.

Nomination-നിയമനം.

Non-Co-operation-നിസ്സഹകരണം.

Obligation-ബാദ്ധ്യത, ഉത്തരവാദിത്വം.

Office-കാര്യാലയം, കച്ചേരി.

Official-ഔദ്യോഗികമായ.

Oligarchy-അല്പജനാധിപത്യം, പ്രഭുജനവാഴ്ച.

Operation-പ്രവർത്തനം.

Order-സുസ്ഥിതി.

Organisation-സംസ്ഥാപനം, സംഘടനം, നിർമ്മാണം, സംവിധാനം, ക്രമീകരണം.

Overseas-പാരേസമുദ്രം.

Parliament-മഹാമന്ത്രസഭ

Plan-ആസൂത്രണം.

Policy-നയം.

Politics-രാജനീതി, രാജ്യശാസന, രാജ്യതന്ത്രശാസ്ത്രം.

Political-രാജ്യതന്ത്രവിഷയകമായ,— സംബന്ധിയായ.

Politician-രാജ്യതന്ത്രജ്ഞൻ.

Political Consciousness-സ്വദേശീയതാബോധം, സരാഷ്ട്രീയതാബോധം, ഏകരാഷ്ട്രീയതാബോധം.

Political Economy-അർത്ഥശാസ്ത്രം, ധനശാസ്ത്രം.

Political rights-രാജ്യനിർവ്വാഹാധികാരം.

Political science-രാജനീതിശാസ്ത്രം.

Practical-പ്രായോഗികം.

Probable-സംഭാവ്യം.

Preamble-പീഠിക, പ്രസ്താവന.

Premature-അകാലികം.

Principle-തത്വം, പ്രമാണം.

Proclamation-ഘോഷണം, പ്രഖ്യാപനം.

Prohibiton-നിരോധം.

Programme-കാര്യപരിപാടി.

Proposal-പ്രമേയം.

Proportionate representation-ജനസംഖ്യയ്ക്ക് അനുഗുണമായ പ്രാതിനിധ്യം.

Protective policy-സംരക്ഷണനയം.

Protective tariff-സംരക്ഷണോപയുക്തമായ കടൽച്ചുങ്കം.

Protest-പ്രതിഷേധം.

Protest meeti g-പ്രതിഷേധയോഗം.

Provision-നിശ്ചയം, ഏർപ്പാട്.

Range-സീമ, പരിധി.

Realisation-ലബ്ധി, സിദ്ധി, അനുഭവം.

Recognition-അംഗീകരണം.

Recommendation–ശിപാർശി.

Recompense–പ്രതിഫലം.

Reconsideration–പുനരാലോചന.

Reconstruction–പുനർഘടനം.

Record–രേഖ, രേഖാരൂഢമാക്കുക.

Refer–പരാമർശിക്കുക.

Regular troops–സ്ഥിരസൈന്യം.

Reorganisation–പുനഃസംഘടനം.

Representative–പ്രതിനിധി.

Representation–പ്രാതിനിധ്യം.

Repression–മർദ്ദനം.

Reserved subjects–സ്വായത്തവിഷയങ്ങൾ

Responsible–ഉത്തരവാദിത്വമുള്ള.

Responsivists–സമയോചിത സഹകാരികൾ, സാമയിക സഹകാരികൾ.

Restriction–നിബന്ധന.

Revision–സംശോധനം, നവീകരണം.

Revolution–വിപ്ലവം.

Safety valve–രക്ഷാമാർഗ്ഗം, രക്ഷോപായം.

Schedule–പരിശിഷ്ടം, പട്ടിക.

Secretary–കാര്യദർശി.

Self-Government–സ്വയംഭരണം.

Self-respect–ആത്മാഭിമാനം, സ്വാഭിമാനം.

Settlement–നിർണ്ണയനം, തീർപ്പ്, തീരുമാനം.

Solution–മോചനമാർഗ്ഗം, നിവൃത്തിമാർഗ്ഗം.

Statesman–രാജകാര്യകുശലൻ, രാജനീതിനിപുണൻ.

Substantial–സാരമായ, ഗണ്യമായ.

Superintendence–പര്യവേക്ഷണം, മേലന്വേഷണം.

Supreme–അപാരമായ.

Supremacy–ആധിപത്യം.

Sympathy–സഹാനുഭവം, സഹാനുഭൂതി, അനുകമ്പ.

System–പദ്ധതി, ക്രമം, സമ്പ്രദായം.

Tariff policy–കടൽച്ചുങ്കനയം.

Tariff wall–ശുല്കഭിത്തി.

Theory–ശാസ്ത്രം, സിദ്ധാന്തം.

Toleration–സഹിഷ്ണുത.

Transferred subjects–പ്രദത്തവിഷയങ്ങൾ

Treaty–സന്ധി, ഉടമ്പടി, സന്ധിപത്രം.

Unitary Government–അവിഭക്തഭരണം.

Unavoidable–അത്യന്താപേക്ഷിതമായ; അനിവാര്യമായ.

Unification–ഏകീകരണം.

Uniformity–ഐകരൂപ്യം,

United–ഏകീകൃതം.

Unpopular–പൊതുജനവിരോധമായ, ജനസമ്മതിയില്ലാത്ത.

Unprecedented–അഭൂതപൂർവ്വമായ.

Unrestricted–അനിയന്ത്രിതമായ.

Unrivalled–അപ്രതിഭടമായ.

Untouchables–അസ്പൃശ്യന്മാർ.

Untouchability–അസ്പൃശ്യത.

Vote–സമ്മതി, സമ്മതിദാനം.

Voter–സമ്മതിദായകൻ.

Women voters–സമ്മതിദായികമാർ.

Working–പ്രവർത്തനം.

World outlook–സാർവ്വലൗകികമായ ദൃഷ്ടി.